# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊണ്ടോട്ടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 25/1088/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/07/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊണ്ടോട്ടി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 25/1088/2022 തീയ്യതി: 27/07/2022

# മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-10-2021 മുതൽ 17-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 28-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 28-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് പി,ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
ശ്രീ ദിനേശ് എം,ഓഡിറ്റ് ഓഫീസർ
ശ്രീ യൂസുഫ് പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത ഒ വി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അബ്ദുൾസലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സക്കീന കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.സി ഷീബ | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | ചെയർപേഴ്സൺ | 12-11-2020 | 27-12-2021 |
| ശ്രീമതി.സി.ടി ഫാത്തിമത്ത് സുഹറാബി | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.ടി ബാബു | സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2020 | 06-07-2020 |
| ശ്രീമതി.സുമയ്യ ബീവി എസ് | സെക്രട്ടറി | 06-07-2020 | 28-10-2020 |
| ശ്രീ.സന്തോഷ് ബാബു കെപി | സെക്രട്ടറി ഇൻ ചാർജ്ജ് | 29-10-2020 | 01-11-2020 |
| ശ്രീമതി.അനുപമ ടി | സെക്രട്ടറി | 02-11-2020 | 31-03-2021 |
| ഡോ. പ്രദീപ് കുമാർ. കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ഷെബിൻ. പി. എ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സവിത പിടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി. രമണി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. ലേഖ ചാക്കോ കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബു ഷക്കീർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ | പ്രിൻസിപ്പാൾ | 01-04-2020 | 07-10-2020 |
| ശ്രീ. അബ്ദു റഹിമാൻ കെ കെ | പ്രിൻസിപ്പാൾ | 08-10-2020 | 31-03-2021 |
| മുഹമ്മദ് അഷ്റഫ് | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. പി.ടി ബാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗ്രേസി.കെ.പി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-07-2021 |
| ശ്രീമതി. ഹസ്ന.സി.എച്ച്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 27-04-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Sakeena K (Auditor, On 29-04-2022)<br>Last Updated By: Sakeena K (Auditor, On 02-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 27-04-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 27-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 04-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് (AUEGS)<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 27-04-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 27-04-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh.P (Audit Officer, On 28-04-2022)<br>Last Updated By: Sakeena K (Auditor, On 05-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 25-04-2022) | 1-10 |
| 12 | വാർഷിക കണക്ക് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 05-05-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 1-11 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 05-05-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 05-05-2022) | 1-11-1 |
| 14 | സാംഖ്യ രസീത് - സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.<br>Written By: Sakeena K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-12 |
| 15 | വസ്തു നികതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-13 |
| 16 | കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 12-07-2022) | 1-13-1 |
| 17 | വഴി സൗകര്യം, കെട്ടിടത്തിന്റെ തരം എന്നിവക്കനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചിലൽ<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-13-2 |
| 18 | വസ്തു നികുതി - ഒന്നാം നില സ്റ്റെയർ ഭാഗത്തിന് നികുതി നിർണ്ണയിച്ചിലൽ | 1-13-3 |

| | | |
|---|---|---|
| | Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | |
| 19 | എയർ കണ്ടീഷൻ സംവിധാനം കണക്കിലെടുത്ത് വസ്തു നികുതി നിർണ്ണയിച്ചില്ല<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-13-4 |
| 20 | കെട്ടിടത്തിന്റെ തരം അനുസരിച്ച് മുഴുവൻ ഏരിയക്കും വസ്തു നികുതി നിർണ്ണയിച്ചില്ല<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-13-5 |
| 21 | തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Sakeena K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-14 |
| 22 | ലൈസൻസ് നൽകുന്നതിലെ അപാകതകൾ – അവശ്യ രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sakeena K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-15 |
| 23 | നഗരസഭ പരിധിയിലെ റേഷൻ കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Sakeena K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-15-1 |
| 24 | നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Sakeena K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-15-2 |
| 25 | കടമുറികളുടെ വാടക-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം<br>Written By: Sakeena K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-16 |
| 26 | വാടക ഈടാക്കിയിട്ടില്ല.<br>Written By: Sakeena K (Auditor, On 01-05-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-16-1 |
| 27 | റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു<br>Written By: Sakeena K (Auditor, On 04-05-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-16-2 |
| 28 | ലേലം -മുഴുവൻ തുകയും വസൂലാക്കിയിട്ടില്ല<br>Written By: Sakeena K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-17 |
| 29 | ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല – 41051 രൂപ നഷ്ടം<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-18 |
| 30 | മരുന്നുകൾ ലഭ്യമാവാത്തത്<br>Written By: Suresh.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-19 |
| 31 | ടിപ്പ് ഷീറ്റ് ഹാജരാക്കുന്നതിലെ അപാകത<br>Written By: Suresh.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-20 |
| 32 | തേനീച്ച വളർത്തൽ പദ്ധതി - അപാകത<br>Written By: Suresh.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-21 |
| 33 | ദേശീയ നഗര ഉപജീവന മിഷൻ (NULM) -UPA ഫണ്ട് വകയിരുത്താത്തതു സംബന്ധിച്ച്<br>Written By: Latha.O.V (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-22 |

| | | |
|---|---|---|
| 34 | NULM-ലിങ്കേജ് ലോൺ രേഖകൾ ലഭ്യമാക്കുന്നതു സംബന്ധിച്ച്<br>Written By: Latha.O.V (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-23 |
| 35 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Sakeena K (Auditor, On 29-04-2022)<br>Last Updated By: Sakeena K (Auditor, On 04-05-2022) | 1-24 |
| 36 | അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി. ടി.ഡി. എസ്. ഈടാക്കിയില്ല.<br>Written By: Latha.O.V (Auditor, On 28-04-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 1-25 |
| 37 | ഷീ പാഡ് പദ്ധതി - സർക്കാർ നിർദേശം പാലിക്കാത്തതിനാൽ അധിക ചെലവ്<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-26 |
| 38 | ഫർണീച്ചറുകൾ സ്റ്റോക്കിലടുക്കുന്നില്ല.<br>Written By: Latha.O.V (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-27 |
| 39 | ക്ഷേമപെൻഷനുകൾ അനുവദിച്ചു നല്കുന്നതിലെ കാലതാമസം<br>Written By: Latha.O.V (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 12-07-2022) | 1-28 |
| 40 | രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്- രേഖകൾ ഹാജരാക്കിയില്ല<br>Written By: Sakeena K (Auditor, On 01-05-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-29 |
| 41 | റോഡ് നിർമ്മാണം - WMM പ്രവൃത്തി - ക്യൂറിംഗിന് സമയം നൽകിയില്ല.<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-30 |
| 42 | കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 12-07-2022) | 1-31 |
| 43 | ടെണ്ടർ കുറവ് കുറയ്ക്കാതെ ബിൽ അനുവദിച്ചു - 3373രൂപ നഷ്ടം<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-32 |
| 44 | പകൽ വീട് നിർമ്മാണം -കെട്ടിടം നാളിതുവരെ ഉപയോഗിച്ചിട്ടില്ല.<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-33 |
| 45 | പൊളിച്ചെടുത്ത വസ്തുക്കളുടെ വിനിയോഗ വിവരം ലഭ്യമല്ല<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 06-07-2022) | 1-34 |
| 46 | കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 1-35 |
| 47 | കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകിയത് - 43076 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 1-36 |
| 48 | വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതും മറ്റ് അപാകതകളും<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 12-07-2022) | 1-37 |
| 49 | നിലാവ് പദ്ധതി നടത്തിപ്പ് ഉൾപ്പടെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി SILK ന് നൽകി<br>Written By: Yousuf.P (Asst. Audit Officer, On 05-05-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 1-38 |
| 50 | തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തിക്ക് ദിവസ വേതന കരാർ പ്രകാരം പ്രതിഫലം നൽകി<br>Written By: Yousuf.P (Asst. Audit Officer, On 05-05-2022) | 1-39 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 07-07-2022) | |
| 51 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 05-05-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 1-40 |
| 52 | കുടിവെള്ള വിതരണം- വിതരണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Yousuf.P (Asst. Audit Officer, On 05-05-2022)<br>Last Updated By: Unni.P (Deputy Director, On 12-07-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല – 41051 രൂപ നഷ്ടം<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 3-1 |
| 2 | ഷീ പാഡ് പദ്ധതി - സർക്കാർ നിർദേശം പാലിക്കാത്തതിനാൽ അധിക ചെലവ്<br>Written By: Abdul Salam.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 3-2 |
| 3 | വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതും മറ്റ് അപാകതകളും<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 3-3 |
| 4 | കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകിയത് - 43076 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 3-4 |
| 5 | ടെണ്ടർ കുറവ് കുറയ്ക്കാതെ ബിൽ അനുവദിച്ചു - 3373രൂപ നഷ്ടം<br>Written By: M Dinesan (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 25-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Sakeena K (Auditor, On 25-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 25-07-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Sakeena K (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 12-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 01/ 26-03-2020 | 01/18-02-2021 |

### 1-1-1 ബജറ്റ് തയ്യാറാക്കൽ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

കോണ്ടോട്ടി നഗരസഭയുടെ 2020-21 വർഷത്തെ ബജറ്റ് 26.03.2020 ന് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 285- 293 പ്രകാരം നഗരഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നഗരസഭയുടെ 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 285 പ്രകാരം സെക്രട്ടറി ജനവരി 15 നുമ്പായി അടുത്ത വർഷത്തെ വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് ആവശ്യമെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ് എന്നും 286 (1) പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും ഉദ്യോഗസ്ഥൻമാരുംനൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇത്തരത്തിൽ ഒരു നിർദേശവും സമർപ്പിച്ചതായി കാണുന്നില്ല.

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും എല്ലാ ഉദ്യോഗസ്ഥരിൽ നിന്നും(6 ഉദ്യോഗസ്ഥർ മാത്രമാണ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത്). നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും നഗരസഭ ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

സെക്ഷൻ 293 (3) പ്രകാരം –ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് . എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്തിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31-07-2021 | 2-08-2021 |

### 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 50623447.82 |
| വരവ് | 256551834 |
| ആകെ | 307175281.82 |
| ചെലവ് | 257809129 |
| നീക്കിയിരിപ്പ് | 49366152.82 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 22937155 | 22937155 | 22937155 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 27889666 | 27889666 | 27889666 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17750100 | 17750100 | 14658308 | 3091792 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7159843 | 7159843 | 7159843 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 6460000 | 6460000 | 1879705 | 4580295 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | | 19382000 | 19382000 | 10673811 | 8708189 |
| ബി ഫണ്ട് | 0 | 93035240 | 93035240 | 93035240 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 382 | 204656432 | 235 | 140557347 | 0 | 147 | 61.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| AUEGS | 88691 | 15000000 | 109380 | 15198071 | 12541880 | 2656191 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85920 | 103 |
| കർഷകതൊഴിലാളി വേതനം | 5974100 | 417 |
| വിധവാ പെൻഷൻ | 29926000 | 1916 |
| വാർദ്ധക്യകാല പെൻഷൻ | 44799800 | 3291 |
| വികലാംഗ പെൻഷൻ | 10941400 | 745 |
| വിവാഹ ധനസഹായം | 570000 | 19 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 705500 | 47 |
| ആകെ | 93002720 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-4-2022ന് 10.30-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17266/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.

2.ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

3.മുൻസിപ്പൽ ഓഫീസിലും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും മറ്റും വാങ്ങുന്ന ഫർണിച്ചർ, ഉപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവയ്ക്ക് നമ്പർ നൽകുകയും പ്രസ്തുത നമ്പർ അപ്രകാരം വാങ്ങിയ വസ്തുക്കളിലും ഇൻവോയ്സ്/ബില്ലുകളിലും സ്റ്റോക്ക് എൻട്രിയായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ വിവിധ പ്രൊജക്ടുകൾ വഴിയും മറ്റും വാങ്ങിയ വസ്തുക്കളുടെ സ്റ്റോക്ക് കൈകാര്യം ചെയ്തതിൽ ഇക്കാര്യങ്ങൾ പാലിച്ചിട്ടില്ല.

4.ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

5.ജനറൽ പെൻഷൻ ഫണ്ട്, കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്നിവയ്ക്ക് രജിസ്റ്ററും പ്രത്യേകം ഫയലുകളും തയ്യാറാക്കിയിട്ടില്ല. അക്കൗണ്ടുകളും ആരംഭിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടത്തിയിട്ടില്ല | - | - |
| എ ജി ഓഡിറ്റ് | 04-02-2019 | 2014-15 മുതൽ 2017-18 വരെ | ലഭിച്ചിട്ടില്ല. |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സാക്ഷരത-ലോൺ അക്കൗണ്ട്-1 ൽ 31.03.2021ലെ നീക്കിയിരിപ്പ് 587.00 രൂപയുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3. ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.03.2021 ലെ നീക്കിയിരുപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം റികൺസിലിയേഷൻ പത്രികയിൽ വിശദീകരിച്ചിട്ടില്ല.

| ബാങ്ക് അക്കൗണ്ട് | 31.03.2021 ലെ നീക്കിയിരുപ്പ് തുക (ബാങ്ക് ബുക്ക് പ്രകാരം) | 31.03.2021 ലെ നീക്കിയിരുപ്പ് തുക (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം |
|---|---|---|---|
| 917010069258367 AXIS Bank Own Fund | 1551244.00 | 1549994.00 | 1250.00 |
| Canera Bank (Own Fund) 3153101009400 | 4017085.00 | 4018335.00 | 1250.00 |

4. റികൺസിലിയേഷൻ പത്രിക പ്രകാരവും താഴെ കൊടുത്ത അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്ക്/ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | 31.03.2021 ലെ നീക്കിയിരുപ്പ് തുക (ബാങ്ക് ബുക്ക് പ്രകാരം) | റികൺസിലിയേഷൻ പ്രകാരമുള്ള നീക്കിയിരിപ്പ്. | 31.03.2021 ലെ നീക്കിയിരുപ്പ് തുക (ബാങ്ക് പാസ്സ് ബുക്ക്/ സ്റ്റേറ്റുമെന്റ് പ്രകാരം) |
|---|---|---|---|
| NULM | 1364585 | റികൺസിലിയേഷൻ പ്രകാരം വ്യക്തമാക്കിയിട്ടില്ല. | 1329585 |
| ഗ്രാന്റ് ഫണ്ട്-1 | 5876 | 6340 | 1295 |
| സഹകരണ ബാങ്ക് (തനത് ഫണ്ട്) | 5075847.82 | 4899465.82 | 4901965.82 |
| കനറാ ബാങ്ക് (തനത് ഫണ്ട്) | 4017085 | 3864153 | 3851153 |
| ICICI സ്വച്ച് ഭാരത് മിഷൻ | 11674003 | 11674053 | 11727389 |
| സഹകരണ ബാങ്ക് നെടിയിരുപ്പ്-തനത് ഫണ്ട് | 869962.49 | 894304.49 | 1002713.49 |
| ICICI -ഇ.പേയ്മെന്റ് | 41127 | -3724 | 2003 |

5. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ, വാടക, ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, License Fee For Domestic Animals / Dogs, Private Hospital & Paramedical Institutions Registration Fee, ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീസ്, എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. License Fee Under P.P.R Act, Advertisement Fee, Road Cutting Charges എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് സമർപ്പിച്ചിട്ടില്ല.

7. വിവാഹ രജിസ്റ്റർ പ്രകാരം രജിസ്ട്രേഷൻ ഫീ 52,500 രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിൽ വാർഷിക കണക്കിൽ ആയത് വരവായി ഉൾപ്പടുത്തിയിട്ടില്ല.

8. ലഭ്യമാക്കിയ വസ്തു നികുതി സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ ഡി.സി.ബി | 3,49,66,292 | 1,84,57,843 | 1,64,61,416 |
| വാർഷിക കണക്ക് | 1,92,68,519+1,79,65,529 = 3,723,4,048 | 1,84,99,709 | 1,90,51,079 |

വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

9. വിനോദ നികുതി വരവ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഈ ഇനത്തിൽ തൻവർഷ വരവ് തുക 9597 രൂപ (RP-1)

10. 000537/ 11.11.20 ചെക്ക് പ്രകാരം 9375 രൂപയും 012228/01.01.21 ചെക്ക് പ്രകാരം 3750 രൂപയും EMD തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ആയത് റസീപ്റ്റ് & പേയ് മെന്റ് പത്രികയിൽ ഉൾപ്പടുത്തിയിട്ടില്ല.

11. 012232/11.01.21 ചെക്ക് പ്രകാരം 10,000 രൂപ ലേല നിക്ഷേപം തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ആയത് റസീപ്റ്റ് & പേയ് മെന്റ് പത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പടുത്തിയിട്ടില്ല.

12. 12893/31.03.21 ചെക്ക് പ്രകാരം 18000 രൂപ ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ആയത് റസീപ്റ്റ് & പേയ് മെന്റ് പത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പടുത്തിയിട്ടില്ല.

13. 012451/17.6.20 ചെക്ക് പ്രകാരം 766279 രൂപ ജലനിധി വിഹിതം നൽകിയത് റസീപ്റ്റ് & പേയ് മെന്റ് പത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പടുത്തിയിട്ടില്ല.

14. Loan From HUDCO (330500202) ഇനത്തിൽ ബാലൻസ് ഷീറ്റ് B-5 പ്രകാരം 135600000 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക 135525717 രൂപ. വ്യത്യാസം 74283 രൂപ.

15. HUDCO തൻവർഷം ലഭിച്ച വായ്പ്പത്തുക രജിസ്റ്റർപ്രകാരം 5,00,00,000രൂപയാണ്. എന്നാൽ വാർഷിക കണക്ക് (RP-25)പ്രകാരം ആയത് 3,50,00,000രൂപയാണ്.

16. SBT(BUS STAND LOAN ACCOUNT-[450210100]) അക്കൗണ്ടിൽ 110311.00 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത ലോൺ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

17. Loan From HUDCO (330500202) ഇനത്തിലെ തിരിച്ചടവ് തുക (Source Deduction - Plan Fund) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. 12.11.2018ലെ നിക്ഷേപമായ 387447രൂപയാണ് B-12 ഷെഡ്യൂളിൽ ഉൾപ്പടുത്തിയിട്ടുള്ളത്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 17.8.2019ൽ 65866 രൂപയും 19.8.2020ൽ 37398 രൂപയും പലിശ ലഭിച്ചത് ചേർത്ത് തൻവർഷം 490711രൂപയുടെ നിക്ഷേപമുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 47 (2), (4) എന്നിവയിൽ നിഷ്കർഷിക്കുന്ന പ്രകാരം ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

19. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

20. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

21. B-14 പ്രകാരം 569986 രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. എന്നാൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

22. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

23. സ്ഥാപനം നൽകിയതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ മുഴുവനായും Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 45). 3 വർഷം കഴിഞ്ഞ ചെക്കുകൾ വരവായി രസീത് ചെയ്തിട്ടില്ല.

24. Capital Work In Progress ആയി കാണിച്ച തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. (RP-33)

25. മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ ഫണ്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുവാൻ പാടില്ല. (എന്നാൽ സഹകരണ ബാങ്കുകളിൽ NDP-424) തുടങ്ങിയ അക്കൗണ്ടുകളിൽ ഫണ്ട് സൂക്ഷിക്കുന്നു.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

താഴെ കൊടുത്ത ഫണ്ടുകളിലെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (എ.സി.ആർ) പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ) പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3,61,97,621 | 2,29,37,155 |
| വികസന ഫണ്ട് (എസ്.സി.പി) | 2,92,23,000 | 2,78,89,666 |

## 1-12 സാംഖ്യ രസീത് - സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

സാംഖ്യ രസീതുകൾ ഉപയോഗിക്കുംമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്ത രസീതുകളാണ് ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കേണ്ടത്.എന്നാൽ നഗരസഭ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (31/27-4-22) സാംഖ്യ രസീതുകൾ ഇനി മുതൽ കാലികമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഉപയോഗിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികതി നിർണ്ണയിച്ചതിലെ അപാകതകൾ

2020-21 വർഷത്തിൽ കെട്ടിട നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, മുനിസിപ്പാലിറ്റിയുടെ അന്തിമ വസ്തു നികുതി പരിഷ്കരണ ഉത്തരവ് എന്നിവയിലെ നിർദേശങ്ങൾക്കനുസൃതമായി നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടം സംഭവിച്ചതായി കണ്ടെത്തി. പരിശോധനയിൽ കണ്ടെത്തിയ ഏതാനും ചില കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഫയൽ വിശദമായി പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നഗരസഭയിലെ വസ്തു നികുതി ഫയലുകൾ വിശദമായി പരിശോധിച്ച് ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപാകതയുണ്ടെങ്കിൽ മുകളിൽ സൂചിപ്പിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-13-1 കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല

ശ്രീമതി. ഹസീന കെ, ചിറയിൽ എന്ന കെട്ടിട ഉടമയുടെ 29/177 A നമ്പർ വാണിജ്യ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ട കംപ്ലീറ്റഡ് പ്ലാനിൽ കാണിച്ച 90.75 M2 തറവിസ്തീർണ്ണം കണക്കിലെടുക്കുന്നതിന് പകരം 84.7 M2 തറവിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടം

അടിസ്ഥാന വസ്തു നികുതി : 40 രൂപ (ചതുരശ്ര മീറ്റർ)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 29/177 A

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2020-21 രണ്ടാം അർദ്ധവർഷം മുതൽ

| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|---|
| തറവിസ്തീർണ്ണം (M2) | 84.70 | 90.75 |
| അടിസ്ഥാന വസ്തു നികുതി - @ 40/ M2 | 3388 | 3630 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | 678 | 726 |
| ആകെ | 4066 | 4356 |
| ലൈബ്രറി സെസ്സ് - 5% | 204 | 218 |

കെട്ടിടത്തിന്റെ യഥാർത്ഥ തറവിസ്തീർണ്ണം കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 290 (4356 – 4066) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 14 (218 - 204) രൂപയും കുറവ് വന്നിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/26.04.2022) നൽകിയ മറുപടിയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിൽ 84.70 M2 ആണ് തറവിസ്തീർണ്ണം രേഖപ്പെടുത്തിയത്

എന്ന് വിശദീകരിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി നൽകുന്ന ഒക്കുപ്പൻസി സർട്ടിഫിക്കറ്റിൽ കുറവായി തറവിസ്തീർണ്ണം കാണിച്ചത് നികുതി നിർണ്ണയത്തിന് ആധാരമാക്കാവുന്നതല്ല. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 വഴി സൗകര്യം, കെട്ടിടത്തിന്റെ തരം എന്നിവക്കനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല

ശ്രീ. ഉസൈൻ, മുതുവല്ലൂർ എന്ന കെട്ടിട ഉടമയുടെ വാണിജ്യ ഷെഡിന് നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിനും, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിന് നീക്കിവെച്ച സ്റ്റോർ/ടോയ് ലെറ്റ് കെട്ടിടത്തിനും വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നതായി കാണുന്നു. 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുകളിൽ പരാമർശിച്ച കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയപ്പോൾ ഷെഡിനും, സ്റ്റോർ റൂമിനും വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. ഒരേ കെട്ടിടത്തിന്റെ ഭാഗമായതിനാൽ ഒരേ നിരക്കിലായിരുന്നു വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

മാത്രവുമല്ല കെട്ടിട ഉടമ സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 12 മീറ്റർ വീതിയുള്ള വഴി സൗകര്യം ഉണ്ട്. 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 (പട്ടിക 2) പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചത്.

മേൽ നിർദേശങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ ഷെഡ്

അടിസ്ഥാന വസ്തു നികുതി : 70 രൂപ (ചതുരശ്ര മീറ്റർ)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 5/341 B, 5/341 C

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2020-21 ഒന്നാം അർദ്ധവർഷം മുതൽ

| 1. കെട്ടിടം 5/341 B | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 141.4 | 141.4 |
| അടിസ്ഥാന വസ്തു നികുതി - @ 70/ M2 | 9898 | 9898 |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 990 | 990 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് - 10% | 990 | 990 |
| ആകെ ഇളവ് - 20% | 1980 | 1980 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 1980 |
| ആകെ | 7919 | 9898 |
| ലൈബ്രറി സെസ്സ് - 5% | 396 | 495 |

കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 1979 (9898 – 7919) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 99 (495 - 396) രൂപയും കുറവ് വന്നിട്ടുണ്ട്.

| 2. കെട്ടിടം 5/341 C | | | |
|---|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | കുറിപ്പ് |
| തറവിസ്തീർണ്ണം | 17.15 | 17.15 | ഒരേ കെട്ടിടത്തിന്റെ ഭാഗമായ സ്റ്റോർ/ടോയ് ലെറ്റ് കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് |
| അടിസ്ഥാന വസ്തു നികുതി - @ 70/ M2 | 686 (@40/m2) | 1201 (@70/m2) | |

| | | | |
|---|---|---|---|
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 69 | 120 | 70/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതിന് പകരം 40/- രൂപ ഉപനികുതിയിലാണ് നികുതി നിർണ്ണയിച്ചത്. |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 240 | |
| ആകെ | 618 | 1321 | |
| ലൈബ്രറി സെസ്സ് - 5% | 31 | 66 | |

വസ്തു നികുതി നിരക്ക്, കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് എന്നിവ കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 703 (1321 – 618) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 35 (66 - 31) രൂപയും കുറവ് വന്നിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/26.04.2022) നൽകിയ മറുപടിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തി നികുതി പുനർ നിർണ്ണയം നടത്തുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പ്രത്യേകം നമ്പർ നൽകിയ കെട്ടിടത്തിന് പ്രത്യേകം നികുതി നിർണ്ണയം നടത്തി എന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന് മുഖ്യ കെട്ടിടത്തിന്റെ നിരക്കിൽ തന്നെ നികുതി നിർണ്ണയിക്കേണ്ടതാണ്. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-3 വസ്തു നികുതി - ഒന്നാം നില സ്റ്റെയർ ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല

ശ്രീ. സയ്യിദ് അലി ടി.പി, ചിറയിൽ എന്ന കെട്ടിട ഉടമയുടെ ഷോപ്പ് കം ക്വാർട്ടേഴ്സ് കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ മുഴുവൻ ഭാഗത്തിനും നികുതി നിർണ്ണയിച്ചില്ല. 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ഒന്നാം നില സ്റ്റെയർ ഭാഗം ഉൾപ്പെടെ 145.43 M2 ആണ് തറ വിസ്തീർണ്ണം. ആയതിൽ 62.79 M2 ക്വാർട്ടേഴ്സ് ഏരിയയും, 82.64 M2 വാണിജ്യ കെട്ടിട ഏരിയയുമാണ്. എന്നാൽ മുകളിൽ പരാമർശിച്ച കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയപ്പോൾ വാണിജ്യ കെട്ടിട ഭാഗത്തിന് 68.92 M2 തറവിസ്തീർണ്ണത്തിന് മാത്രം നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം

അടിസ്ഥാന വസ്തു നികുതി (വാണിജ്യം) : 40 രൂപ (ചതുരശ്ര മീറ്റർ)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 25/168 A1 (വാണിജ്യ കെട്ടിടം), 25/168 B (ക്വാർട്ടേഴ്സ് കെട്ടിടം)

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2020-21 രണ്ടാം അർദ്ധവർഷം മുതൽ

| ഇനം (വാണിജ്യ കെട്ടിടം നമ്പർ - 25/168 A1) | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|---|
| തറവിസ്തീർണ്ണം (M2) | 68.92 | 82.64 |
| അടിസ്ഥാന വസ്തു നികുതി - @ 40/ M2 | 2757 | 3306 |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (തൃതീയം) - 20% | 551 | 661 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | 551 | 661 |
| ആകെ | 2757 | 3306 |
| ലൈബ്രറി സെസ്സ് - 5% | 138 | 165 |

കെട്ടിടത്തിന്റെ മുഴുവൻ ഏരിയയും കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 549 (3306 – 2757) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 27 (165 - 138) രൂപയും കുറവ് വന്നിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/26.04.2022) നൽകിയ മറുപടിയിൽ വസ്തു നികുതി പുനർ നിർണ്ണയം ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-4 എയർ കണ്ടീഷൻ സംവിധാനം കണക്കിലെടുത്ത് വസ്തു നികുതി നിർണ്ണയിച്ചില്ല

ശ്രീ. യു. കെ മമ്മദീസ മുതൽപേർ, മുണ്ടപ്പലം, കൊണ്ടോട്ടി എന്ന കെട്ടിട ഉടമയുടെ ഓഡിറ്റോറിയം കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിലെ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനത്തിന് ബാധകമായ നിരക്ക് വർദ്ധനവ് കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നതായി കാണുന്നു. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീറ്റഡ് പ്ലാൻ പ്രകാരം ഹാൾ, ഡൈനിംഗ്, കിച്ചൺ എന്നിവയിലെല്ലാം എയർകണ്ടീഷനിംഗ് സംവിധാനം ഉണ്ട്. ആയതിനാൽ കെട്ടിടത്തിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം ഉണ്ട് എന്ന് വ്യക്തമാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 (പട്ടിക 8) പ്രകാരം കെട്ടിടത്തിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സൗകര്യമുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത വർദ്ധനവ് വരുത്താതെ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : ഓഡിറ്റോറിയം

അടിസ്ഥാന വസ്തു നികുതി : 30 രൂപ (ചതുരശ്ര മീറ്റർ)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 4/355 A

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2020-21 ഒന്നാം അർദ്ധവർഷം മുതൽ

| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|---|
| തറവിസ്തീർണ്ണം (M2) | 654.5 | 654.5 |
| അടിസ്ഥാന വസ്തു നികുതി - @ 30/ M2 | 19635 | 19635 |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 1964 | 1964 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് - 10% | 1964 | 1964 |
| ആകെ ഇളവ് - 20% | 3928 | 3928 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | 3928 | 3928 |
| കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സൗകര്യമുണ്ടെങ്കിലുള്ള വർദ്ധനവ് - 10% | കണക്കിലെടുത്തില്ല | 1964 |
| ആകെ വർദ്ധനവ് - 30% | 3928 | 5892 |
| ആകെ | 19635 | 21599 |
| ലൈബ്രറി സെസ്സ് - 5% | 982 | 1080 |

കെട്ടിടത്തിലെ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സൗകര്യമുണ്ടെങ്കിലുള്ള വർദ്ധനവ് കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 1964 (21599 – 19635) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 98 (1080 - 982) രൂപയും കുറവ് വന്നിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/26.04.2022) നൽകിയ മറുപടിയിൽ നിലവിൽ കെട്ടിടം പരിശോധിച്ച് കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സൗകര്യമുണ്ടെങ്കിൽ 10% വർദ്ധന വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-5 കെട്ടിടത്തിന്റെ തരം അനുസരിച്ച് മുഴുവൻ ഏരിയക്കും വസ്തു നികുതി നിർണ്ണയിച്ചില്ല

ശ്രീ. വീരാൻഹാജി കെ

| | | |
|---|---|---|
| ആകെ | 19635 | 21599 |

.പി, വലിയ പറമ്പ് എന്ന കെട്ടിട ഉടമയുടെ ഷോപ്പ് കം ക്വാർട്ടേഴ്സ് കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ ഷോപ്പ് ഏരിയക്ക് മുഴുവനായും ആയതിന് ബാധകമായ നിരക്ക് കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീറ്റഡ് പ്ലാൻ പ്രകാരം 61.78 M2ഷോപ്പ് ഏരിയയും (ഷോപ്പ് പോർഷൻ - 50.02 + സ്റ്റയർ റൂം - 11.76) 41.25 M2 ക്വാർട്ടേഴ്സ് പോർഷൻ ഏരിയയുമാണ് ഉള്ളത്. 3/380A, B, C എന്നീ നമ്പറുകളായി കെട്ടിടത്തിന് നികുതി നിർണ്ണച്ചപ്പോൾ 34.96 M2 ഏരിയ വാണിജ്യ കെട്ടിടത്തിന്റെ തരത്തിലും, 68.07 M2 ഏരിയ ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ തരത്തിലും വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാലാണ് വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : ഷോപ്പ് കം ക്വാർട്ടേഴ്സ് കെട്ടിടം

ആകെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം : 103.03 M2

അടിസ്ഥാന വസ്തു നികുതി : 40 രൂപ/ചതുരശ്ര മീറ്റർ (വാണിജ്യ കെട്ടിടം), 30 രൂപ/ചതുരശ്ര മീറ്റർ (ക്വാർട്ടേഴ്സ് കെട്ടിടം)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 3/380 A, 3/380 B, 3/380 C

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2019-20 രണ്ടാം അർദ്ധവർഷം മുതൽ

| ഇനം | വാണിജ്യ കെട്ടിടം - 3/380 A, B എന്നീ നമ്പറായി നികുതി നിർണ്ണയിച്ച (@ 40/ M2) | | ക്വാർട്ടേഴ്സ് കെട്ടിടം - 3/380 C നമ്പറായി നികുതി നിർണ്ണയിച്ച (@ 30/ M2) | |
|---|---|---|---|---|
| | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 34.96 | 61.78 | 68.07 | 41.25 |
| അടിസ്ഥാന വസ്തു നികുതി | 1398 | 2471 | 2043 | 1238 |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 140 | 247 | 204 | 124 |
| ആകെ | 1260 | 2224 | 1838 | 1114 |
| ലൈബ്രറി സെസ്സ് - 5% | 64 | 111 | 92 | 56 |

കെട്ടിടത്തിലെ ക്വാർട്ടേഴ്സ് , വാണിജ്യ കെട്ടിടം ഏരിയകൾക്ക് കൃത്യമായി കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം

1) വാണിജ്യ കെട്ടിടത്തിൽ വസ്തു നികുതി ഇനത്തിൽ 964 (2224 – 1260) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 47 (111 - 64) രൂപയും കുറവ് വന്നിട്ടുണ്ട്.

2) ക്വാർട്ടേഴ്സ് കെട്ടിടത്തിൽ വസ്തു നികുതി ഇനത്തിൽ 724 (1838 – 1114) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 36 (92 - 56) രൂപയും അധികവും വന്നിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/26.04.2022) ലഭ്യമാക്കിയ മറുപടിയിൽ നികുതി നിർണ്ണയിച്ചപ്പോൾ ക്വാർട്ടേഴ്സ് , വാണിജ്യ കെട്ടിട തറവിസ്തീർണ്ണം പരസ്പരം മാറിപ്പോയതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് വ്യത്യാസമുള്ള തുക അടവാക്കി വിവരം അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ

കൊണ്ടോട്ടി നഗരസഭയിൽ 2020-21 വർഷത്തെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല .

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്.

2020-21 വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, നഗരസഭാ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുകയോ രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാര സ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നഗരസഭയിലെ മുഴുവൻ വാർഡുകളിലെയും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിയ്ക്കാനായിട്ടില്ല.

2. റിട്ടേൺസ് രജിസ്റ്ററിലെ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല .

സ്ഥാപനത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേൺസും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയ മിക്ക സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ജീവനക്കാരുടെയും വ്യാപാരസ്ഥാപനങ്ങളുടേതുമുൾപ്പെടെ പല സ്ഥാപനങ്ങളുടേയും 2 അർദ്ധ വർഷങ്ങളിലേയും റിട്ടേണുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

3. കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക പ്രകാരം മുൻവർഷങ്ങളിലെ 43,12,109/- രൂപ കുടിശ്ശികയും, തൻവർഷ തൊഴിൽനികുതി 1,08,000/- രൂപയും ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കാത്തതിനും രജിസ്റ്ററുകളും രേഖകളും യഥാവിധി സൂക്ഷിക്കാത്തതിനും കാരണം വിശദമാക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/22.04.2022 ന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും ആയത് അടുത്ത ഓഡിറ്റിന് മുമ്പായി ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരമുള്ള കുടിശ്ശികക്ക് കാരണം വാർഷിക കണക്കിലെ അപാകതയാണെന്നും ആയത് പരിഹരിക്കും എന്നുമാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് നൽകുന്നതിലെ അപാകതകൾ – അവശ്യ രേഖകൾ സൂക്ഷിക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതുമായ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമൂലം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലൈസൻസ് ഫീസുമായി ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല.

2. ലൈസൻസ് അപേക്ഷകൾ അപൂർണ്ണമാണ്.

അപേക്ഷ തിയതി സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം , വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്താത്ത ധാരാളം അപേക്ഷകൾ പരിശോധനയിൽ കാണുന്നു . നഗരസഭയിൽ ഓരോ വ്യാപാരങ്ങൾക്കും വ്യത്യസ്ത നിരക്കിൽ തുക ഈടാക്കിയതിന്റെ മാനദണ്ഡം മുതൽ മുടക്ക് എന്നിവയൊന്നും തന്നെ അന്വേഷണ റിപ്പോർട്ടിലും രേഖപ്പെടുത്തി കാണുന്നില്ല.

3.അപേക്ഷകൾ പരിശോധിച്ചപ്പോൾ കണ്ട മറ്റ് അപാകതകൾ

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെപേര്,സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അപാകതകൾ |
|---|---|---|---|
| 1 | TC സുബ്രഹ്മണ്യൻ<br>വർക്ക്ഷോപ്പ് , TC ഓട്ടോ ഗാരേജ് | 17/41 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയില്ല, |
| 2 | K P ഫിറോസ്<br>പാലക്കുടമ്പ് സർവ്വീസ് സ്റ്റേഷൻ | 31/53 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയില്ല, |
| 3 | ഹസ്സൻകുട്ടി ഓടക്കൽ<br>സ്റ്റാർ ഓട്ടോമൊബൈൽ | 31/59,60,61,62 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയില്ല, |
| 4 | സുബൈർ ബങ്കാളത്ത് , ഇന്റഗ്രിറ്റി കാർ കെയർ, മെക്കാനിക്കൽ വർക്ക് ഷോപ്പ് | 31/292A | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയില്ല, |

| | | | |
|---|---|---|---|
| 5 | ശരീഫ ബീവി കെ.വി<br>തയ്യിൽ ഐസ് പ്ലാന്റ് | 32/444 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയില്ല, |
| 6 | പുളിക്കൽ അബ്ദുറസ്സാഖ്<br>പുളിക്കൽ ഫ്യുവൽസ്, പെട്രോൾ,ഡീസൽ വിൽപന | 10/237C | PESO അനുമതി സർട്ടിഫിക്കറ്റ് ഇല്ല, |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (30/27-4-22 )അപേക്ഷയോടൊപ്പം മറ്റ് വകുപ്പുകളുടെ നിരാക്ഷേപപത്രം ഹാജരാക്കാതെ വരുന്ന ലൈസൻസ് പുതുക്കുന്ന സാഹചര്യത്തിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടാണ് പുതുക്കി നൽകുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ എല്ലാ അനുബന്ധരേഖകളും പൂർണമായി ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും തുടർന്ന് മാത്രം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

### 1-15-1 നഗരസഭ പരിധിയിലെ റേഷൻ കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 2, ക്രമ നം. 54 റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്കും ലൈസൻസ് ആവശ്യമാണ്. നഗരസഭാ പരിധിയിൽ 17 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)നം.എ9 764/19 നം. കത്തിൽ റേഷൻ കടകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30-6/27-4-22) റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

### 1-15-2 നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2020-21 വാടക രജിസ്റ്റർ , വ്യാപാര രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ 2 കെട്ടിടങ്ങൾ ഒഴികെ താഴെ പറയുന്ന കെട്ടിടങ്ങളിലെ വ്യാപാരികൾ 2020-21 വർഷത്തിൽ വ്യാപാര ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്നു.

ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ്

| ക്രമ നം. | വാടകക്കാരന്റെ പേര് (വാടക രജിസ്റ്റർ പ്രകാരം) | കെട്ടിട നമ്പർ (വാടക രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | പ്രദീഷ്<br>മൂലയിൽ വീട് | 8/1741 |
| 2 | സുധീഹ് പി<br>ദേവസ്വംപറമ്പിൽ വീട് | 8/1743 |
| 3 | സുബ്രഹ്മണ്യൻ മാസ്റ്റർ<br>ചീങ്ങാട് വീട് | 8/1744 |
| 4 | സഹീർ<br>തിറ്റുംവിളയ്ക്കൽ വീട് | 8/1746 |
| 5 | നിഖില<br>മൂലയിൽ വീട് | 8/1747 |
| 6 | പ്രദീഹ്<br>മൂലയിൽ വീട് | 8/1748 |
| 8 | മുരളീദാസൻ | 8/1750 |

| | | |
|---|---|---|
| | തെക്കുംതോട്ടത്തിൽ | |
| 9 | ഹംസ ചാകുന്നേൽ | 8/1758 |

നെടിയിരുപ്പ് ഷോപ്പിങ്ങ് കോംപ്ലക്സ്

| ക്രമ നം. | വാടകക്കാരന്റെ പേര് (വാടക രജിസ്റ്റർ പ്രകാരം) | കെട്ടിട നമ്പർ (വാടക രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | മുഹമ്മദ് ബഹീർ | 2/2 |
| 2 | ഉമ്മർ ആലിക്കപ്പള്ളിലായി | 2/3 |
| 3 | ഉമ്മർ ആലിക്കപ്പള്ളിലായി | 2/4 |
| 4 | ജിനിഹ് എ അമ്മാഞ്ചേരി | 2/5 |
| 5 | ഉമ്മർ ആലിക്കപ്പള്ളിലായി | 2/6 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (30-5/27-4-22)ടി കെട്ടിടങ്ങൾക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുള്ളതാണെന്നും ടി കെട്ടിട നമ്പർ പഴയ അസസ്മെന്റ് പ്രകാരമുള്ളതെന്നുമാണ് അറിയിച്ചത്. എന്നാൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ടി കെട്ടിടങ്ങളിലെ വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുള്ളതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 കടമുറികളുടെ വാടക-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവ് പരിശോധിക്കുന്നതിന്റെ ഭാഗമായി വാടക രജിസ്റ്റർ, ഫയൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ബൈലോ ലഭ്യമാക്കിയില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565 (ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിലെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ബൈലോ ലഭ്യമാക്കിയില്ല.

2. വാടക രജിസ്റ്ററിലെ അപാകതകൾ

വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിലെ പേജുകൾ പലതും കീറിയ അവസ്ഥയിലാണ്. വാടക പിരിവ് വാർഷിക സംഗ്രഹം സെക്രട്ടറി ആധികാരികമാക്കിയിട്ടില്ല.

3. 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III ബി യിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണെന്ന നിർദ്ദേശമുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക കരാറുകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ഇതുമൂലം ടി കടമുറികൾ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാർ തന്നെയാണോ ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. ആയതിനാൽ വാടക കരാർ ചമയ്ക്കാത്ത വാടകക്കാരുമായി മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന്( (32/27-4-22)മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്. നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16-1 വാടക ഈടാക്കിയിട്ടില്ല.

2020-21 വർഷത്തെ വാടക രജിസ്റ്റർ, അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ്

| ക്രമ നം. | വാടകക്കാരന്റെ പേര് (വാടക രജിസ്റ്റർ പ്രകാരം) | മുറി നമ്പർ | വാടക ഈടാക്കാത്തതിന്റെ വിശദാംശം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീ പ്രദീഷ് മൂലയിൽ വീട് | 8/1741 | 9/20 മുതൽ3/21 വരെ |
| 2 | ശ്രീമതി നിഖില മൂലയിൽ വീട് | 8/1747 | 2/21മുതൽ3/21 വരെ |
| 3 | ശ്രീ പ്രദീഷ് മൂലയിൽ വീട് | 8/1748 | 11/20മുതൽ3/21 വരെ |
| 4 | ശ്രീ സ്വാമി അവറാൻ പുളിയഞ്ചാലിൽ | 8/1749 | 10/20മുതൽ3/21 വരെ |
| 5 | ശ്രീ മുരളീദാസൻ തെക്കുംതോട്ടത്തിൽ | 8/1750 | 3/21 |
| 6 | ശ്രീഹംസ ചാകടന്നേൽ | 8/1758 | 4/20 മുതൽ 3/21 വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.32-5/27.4.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രഥമ മറുപടിയിൽ തന്നെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. വാടകക്കാർ സമയബന്ധിതമായി വാടക അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും സമയബന്ധിതമായി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16-2 റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു

വാടക ഡിമാന്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കൊണ്ടോട്ടി നഗരസഭയുടെ കീഴിലുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 8/1751, 8/1752 എന്നീ റൂമുകൾ 2020-21 വർഷത്തിൽ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

പ്രസ്തുത റൂമുകളിന്മേൽ ലേല നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32-4 /27-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ലേലം -മുഴുവൻ തുകയും വസൂലാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം നഗരസഭ ബസ്സ്റ്റാന്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ , ടി.വി വെച്ചിട്ടുള്ള പരസ്യം എന്നിവ ലേലം കൈകൊണ്ടിട്ടുള്ള വ്യക്തികളിൽ നിന്നും മുഴുവൻ തുകയും ഈടാക്കിയതായി കാണുന്നില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ലേല ഇനം | ലേലം കൈക്കൊണ്ട വ്യക്തിയുടെ വിലാസം | ലേല തുക | ഈടാക്കിയതുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| കംഫർട്ട് സ്റ്റേഷൻ | ഫാബിസ് ചെറുകാരാട്ട് വീട് മഞ്ചേരി | 328500 | 109500<br>119020118073/3-3-20 | 219000 |
| ബസ് സ്റ്റാൻറിൽ ടിവി വെച്ചിട്ടുള്ള പരസ്യം | കെ.ടി.ബി തങ്ങൾ കെ.ടി ഹൗസ് | 43500+GST(18%) | 14500+7830<br>9020118071/3-3-20) | 29000 |
| ബസ് സ്റ്റാന്റ് ഫീസ് പിരിവ് | പറമ്പാടൻ അബ്ദുൽ കരീം കൊളപ്പള്ളി വീട് | 475401+GST(18%) | 158467+85572(GST)<br>(119020118070/3-3-20) | 316934 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/27-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല - 41051 രൂപ നഷ്ടം

നിർവഹണം : ഹെൽത്ത് ഓഫീസർ

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് : | 621/21, ബയോബിൻ (ജനറൽ) | 622/21, ബയോബിൻ വാർഡുകളിൽ |
| അടങ്കൽ : | 1800000 | 2970000 |

| | | |
|---|---|---|
| തുക : | 704100 (വികസന ഫണ്ട് ജനറൽ) | 293372 (വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ / തിയ്യതി : | 16/30.03.2021 | 15/30.03.2021 |

മേൽ പ്രോജക്ടുകൾ പ്രകാരം ബയോബിൻ വാങ്ങി നൽകുന്നതിനായി 17.02.2021 ൽ ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്ക്, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (ബയോബിൻ ഒന്നിന് 1,688/- രൂപ) അംഗീകരിച്ചിട്ടുമുണ്ട്. പ്രസ്തുത തുക നെഗോസിയേറ്റ് ചെയ്യുന്നതിന് 04.03.2021 ന് എച്ച്1-11475/21 നമ്പർ ആയി ആലപ്പി ബയോ ടെക്കിന് കത്ത് നൽകിയെങ്കിലും 05.03.2021 ന് ആലപ്പി ബയോ ടെക്ക് നൽകിയ കത്ത് പ്രകാരം വില കുറക്കുന്നതിന് സാധിക്കില്ല എന്ന് അറിയിച്ചു. 22.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി (നമ്പർ എച്ച്1-2174/21, 11476/20, 11475/2020).

എന്നാൽ 27.03.2021 ന് മേൽ സ്ഥാപനം ബയോബിൻ ലഭ്യമാക്കിയില്ല എന്നും, യാതൊരു മറുപടിയും ലഭ്യമാക്കിയില്ല എന്നും കാണിച്ച് ആലപ്പി ബയോ ടെക്കിന് നൽകിയ സപ്ലൈ ഓർഡർ റദ്ദാക്കിയതായി അറിയിച്ചിട്ടുണ്ട് (നമ്പർ എച്ച്1-2174/21, 11476/20, 11475/2020). തുടർന്ന് ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനമായ ഒമേഗ എക്കോ ടെക്ക് പ്രൊഡക്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് (ബയോബിൻ ഒന്നിന് 1760/- രൂപ) ഇതേ തിയ്യതിയിൽ - 27.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്കിൽ നിന്ന് വിശദീകരണം തേടുകയോ, ടെണ്ടർ വൈലേഷന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വെറും 5 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ടെണ്ടറിൽ രണ്ടാമത് എത്തിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ക്രമത്തിലല്ല. ഇക്കാര്യത്തിൽ അനാവശ്യ തിടുക്കം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണുന്നു. ബയോ ബിൻ വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ നഗരസഭ മുൻ വർഷങ്ങളിലും തുടർന്ന് വരുന്നതും, തൻ വർഷവും, അടുത്തവർഷവും സ്പിൽ ഓവറായി നടപ്പാക്കുന്നതുമായ തുടർ പ്രൊജക്ടാണ്. ഒരേ പ്രൊജക്ട് തന്നെ വിവിധ പ്രൊജക്ട് നമ്പറിൽ നടപ്പാക്കുന്ന പ്രവണതയും നഗരസഭയിൽ കാണുന്നു. 2020-21 വർഷത്തിൽ മാത്രം ബയോബിൻ വിതരണത്തിനായി 5 പ്രൊജക്ടാണ് നടപ്പാക്കിയത് (387/ബയോബിൻ എസ്.സി.പി, 414/ബയോബിൻ, 419/ബയോബിൻ വാർഡ് 5, 621/ബയോബിൻ ജനറൽ, 622/ബയോബിൻ വാർഡുകളിൽ) ആയതിനാൽ തന്നെ തിടുക്കപ്പെട്ട് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി അടുത്ത സ്ഥാപനത്തെ തെരഞ്ഞെടുത്തതിനാൽ നഗരസഭക്ക് വ്യക്തമായ നഷ്ടം സംഭവിച്ചു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/18.04.2022) നൽകിയ മറുപടിയിൽ മാർച്ച് 31 നകം പ്രൊജക്ട് പൂർത്തീകരിക്കുന്നതിന് 27.03.2021 ന് മുമ്പ് ബയോബിൻ ലഭ്യമാക്കുന്നതിന് ആലപ്പി ബയോ ടെക്കിന് സപ്ലൈ ഓർഡർ നൽകിയെങ്കിലും സ്ഥാപനത്തിൽ നിന്ന് യാതൊരു വിധ പ്രതികരണങ്ങളും ഉണ്ടായില്ല എന്നും പരാമർശിച്ചിട്ടുണ്ട്. ഫോണിൽ ബന്ധപ്പെടാൻ സാധിച്ചില്ല എന്നും, മറ്റ് നഗരസഭകളിൽ ഈ സ്ഥാപനം ബയോബിൻ വിതരണം നടത്തിയില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും മറുപടിയിൽ പറയുന്നു.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നഗരസഭയുടെ 22.03.2021 ലെ സപ്ലൈ ഓർഡർ കത്തിന് മറുപടിയായി 29.03.2021 ന് ആലപ്പി ബയോ ടെക്ക് രേഖാമൂലം കത്ത് നൽകിയതായി കണ്ടു. പ്രസ്തുത മറുപടിയിൽ ടെണ്ടർ ഓപ്പൺ ചെയ്യുന്നതിന് മുമ്പ് തന്നെ നിയമസഭ തെരഞ്ഞടുപ്പ് പ്രഖ്യാപിച്ച് പെരമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ പുതിയ വർക്കുകൾക്ക് എഗ്രിമെന്റ് വെക്കാൻ സാധിക്കാത്തതും, ടി വർക്കിന് എഗ്രിമെന്റ് വെക്കാൻ നഗരസഭ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുമില്ല എന്നും പരാമർശിച്ചിട്ടുണ്ട്. 22.03.2021 ന് സപ്ലൈ ഓർഡർ നൽകി വെറും 5 ദിവസം കൊണ്ട് 2805 ബയോബിൻ വിതരണം ചെയ്ത് 27.03.2021 ന മുമ്പായി ബിൽ നൽകാൻ നഗരസഭ ആവശ്യപ്പെട്ടതായും പറയുന്നു. എന്നാൽ 2805 ബയോ ബിൻ നിർമ്മിച്ച് Gole ഇടുന്ന ഒരുപാട് ലേബർ വർക്കുകൾ ചെയ്യാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രയാസമുണ്ടെന്ന് ആലപ്പി ബയോ ടെക്ക് കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2 പേർക്ക് കോവിഡ് ബാധിച്ച് ഹോസ്പിറ്റലിൽ ആയതിനാൽ ഈ ചുരുങ്ങിയ സമയം കൊണ്ട് ഫോണിൽ ബന്ധപ്പെടാനും മറുപടി അയക്കുവാനും സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല ഇക്കാര്യങ്ങൾ 27.03.2021 ന് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടറുമായി വിശദമായി സംസാരിച്ചിരുന്നു എന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞടുപ്പ് പെരമാറ്റ ചട്ടം മാറുന്ന മുറക്ക് പ്രവൃത്തി കരാർ വെച്ച് പൂർത്തീകരിക്കുന്നതിന് അനുവദിക്കണം എന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ രേഖയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി സ്വീകാര്യമായതല്ല.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിന്റെ വാദഗതികൾ അംഗീകരിക്കാതെയും, ആവശ്യമായ സമയം അനുവദിക്കാതെയും സ്ഥാപനം മറുപടി ലഭ്യമാക്കുന്നതിന് മുന്നെ തന്നെ കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ കരാർ ഏൽപിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള മനപൂർവമുള്ള വീഴ്ചയായി വിലയിരുത്തുന്നു.

മേൽ രണ്ട് പ്രൊജക്ടുകളിലുമായി കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിയതിന് തൻവർഷം 997472 രൂപ ചെലവഴിച്ചിട്ടുണ്ട് (704100 + 293372) Ie. 1. പ്രൊജക്ട് നമ്പർ 621/21 പ്രകാരം 400 ബയോബിനുകളുടെ വില 704100 രൂപയും (ഇൻവോയ്സ് നമ്പർ 1457/28.03.2021), 2. പ്രൊജക്ട് നമ്പർ 622/21 പ്രകാരം 450 ബയോബിനുകളുടെ വിലയിൽ (ഇൻവോയ്സ് നമ്പർ 1458/28.03.2021 - 792000) 293372 രൂപയും തൻവർഷം സ്ഥാപനത്തിന് നൽകി. (അവശേഷിക്കുന്ന പെയ്മെന്റുകൾ തുടർ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്)

കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചു.

| പ്രൊജക്ട് നമ്പർ | ഒമേഗ എക്കോ ടെക്ക് (കൂടിയ നിരക്കിൽ വാങ്ങിയതിനാൽ വന്ന ചെലവ്) | | | ആലപ്പി ബയോ ടെക്ക് (കുറഞ്ഞ നിരക്കിൽ വാങ്ങിക്കുകയായിരുന്നെങ്കിൽ ഉണ്ടാവുമായിരുന്ന ചെലവ്) | | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | അനുവദിച്ച തുക | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | |
| 621/21 | 1760 | 400 | 704100 | 1688 | 400 | 675200 | 28900 |
| 622/21 | 1760 | 166.6 | 293372 | 1688 | 166.6 | 281221 | 12151 |
| ആകെ | | 566.6 | 997472 | | 566.6 | 956421 | 41051 |

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ സംഭവിച്ച നഷ്ടത്തുക 41051/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

## 1-19 മരുന്നുകൾ ലഭ്യമാവാത്തത്

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങൽ പദ്ധതികളിൽ KMCL ന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | നല്കിയ തുക/ഫണ്ടിനം | ബിൽ നമ്പർ, തിയതി |
|---|---|---|---|
| 1 | 281/21 പരിരക്ഷ | 1,00,000 (Plan) | 14/30.03.21 |
| | | 1,00,000 (Plan) | 15/30.03.21 |
| 2 | 293/21 ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ | 8,00,000 (MG NR) | 12/18.03.21 |
| | | 2,50,000 (MG NR) | 11/18.03.21 |
| | | 2,50,000 MG NR) | 10/18.03.21 |
| | ആകെ | 15,00,000 | |

എന്നാൽ ഇങ്ങനെ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കെ.എം.എസ്.സി.എൽ നിന്നും മരുന്നുകൾ സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. 4.02.2018 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.3 ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങാൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് മേൽ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നത് ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തത് മൂലം സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന അപാകതകളുണ്ടാകുന്നു.

1. സാമ്പത്തിക വർഷാരംഭത്തിൽ സ്റ്റോക്ക് തിട്ടപ്പെടുത്തി തൻവർഷം വാങ്ങേണ്ട മരുന്നുകളുടെ ഇന്റന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. മരുന്നുകളുടെ മുൻബാക്കി ലഭിക്കുന്നതിലെ അനിശ്ചിതത്വമാണ് അപാകതക്ക് കാരണമാകുന്നത്.

2.അടിയന്തിരമായി ലഭ്യമാക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. ഉദാ: പരിരക്ഷ പദ്ധതി പ്രകാരമുള്ള 2,00,000 രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയതി വരെയും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. കാലതാമസം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4 ൽ കെ.എം.എസ്.സി.എൽ ന് ഇൻഡന്റ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ അടിയന്തിര സാഹചര്യം മറികടക്കുന്നതിന് കാരുണ്യ/നീതി/ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മേൽ മാർഗ്ഗം പരിഗണിക്കാവുന്നതാണ്.

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 ട്രിപ്പ് ഷീറ്റ് ഹാജരാക്കുന്നതിലെ അപാകത

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയതിൽ KL 7-Z-7497 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് വിവരം |
|---|---|---|
| 290/21സമഗ്ര ആരോഗ്യപദ്ധതി | 1,00,000 | 29,500 (വികസനഫണ്ട്) |

| | | |
|---|---|---|
| | | Bill 17/30.03.21 |
| 288/21കുത്തിവെപ്പിനുള്ള ധനസഹായം | 1,00,000 | 99,200 (വികസനഫണ്ട്) |
| | | 1. Bill 04/23.01.21 : 27,250 |
| | | 2. Bill 16/30.03.21: 46,650 |
| | | 3. Bill 18/30.03.21: 25,300 |

ശ്രീ അഹമ്മദ്കുട്ടി എന്നയാൾ ഹാജരാക്കിയ മേൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ താഴെ പറയും പ്രകാരമാണ്.

| സമഗ്ര ആരോഗ്യ പദ്ധതി | | കുത്തിവെപ്പിനുള്ള ധനസഹായം | |
|---|---|---|---|
| തിയതി, സമയം | അനുവദിച്ച തുക | തിയതി, സമയം | അനുവദിച്ച തുക (Bill 18/30.03.21) |
| 18.02.21 9am-2pm | 1,200 | 18.02.21 9am-2.30pm | 850 |
| 19.02.21 9am-2pm | 1,200 | 19.02.21 9am-3pm | 1,200 |
| 20.02.21 9am-2pm | 1,200 | 20.02.21 9am-2.30pm | 850 |
| 22.02.21 9am-2.30pm | 1,200 | 22.02.21 10am-12.30pm | 350 |
| 23.02.21 9am-2pm | 1,200 | 23.02.21 9am-2pm | 850 |
| 25.02.21 9am-2.30pm | 1,200 | 25.02.21 9am-2.30pm | 850 |
| | 7,200 | | 4,950 |

പട്ടികയിൽ പരാമർശിക്കുന്ന തിയതികൾ രണ്ട് പദ്ധതികളുടെയും ഭാഗമായി ഒരേ വാഹനം തന്നെ ഒരേ സമയത്ത് ഓടിയതായും വാഹന വാടക അനുവദിച്ചതായും കാണുന്നു.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 തേനീച്ച വളർത്തൽ പദ്ധതി - അപാകത

കൃഷി ഓഫീസർ നടപ്പാക്കിയ 2,11,200 രൂപ വികസനഫണ്ടും 97,280 രൂപ ഗുണഭോക്തൃവിഹിതവും വകയിരുത്തിയ തേനീച്ചവളർത്തൽ (SO 412/21) പദ്ധതിയിൽ 62,720/- രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തിയതി | തുക | ചെലവിനം |
|---|---|---|---|
| 1 | 05/24.04.20 | 54,720 | 40 കർഷകർക്ക് സബ്സിഡി നല്കുന്നതിന് ചെലവഴിച്ച തുക |
| 2 | 08/24.04.20 | 8,000 | പരിശീലനചെലവ് |
| | ആകെ | 62,720 | |

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ നൽകുന്നു.

1. 14.02.2018 ലെ സ.ഉ(കൈ)22/2018 സബ്സിഡി അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1(29) ൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 60% വും പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 75% വും സബ്സിഡി അനുവദിക്കാമെന്നും എല്ലാ വിഭാഗത്തിനും രണ്ട് കൂട് വരെ നല്കാമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ മേൽ പദ്ധതിയിലെ ശ്രീമതി റംല യൂസഫ്, തെക്കത്ത് പറമ്പ് വീട് എന്ന ഗുണഭോക്താവിന് മൂന്ന് യൂനിറ്റിന്റെ തുകയായ 2,880/- രൂപ അനുവദിച്ചിട്ടുണ്ട്.

2. കൃഷിയും അനുബന്ധമേഖലകളും സംബന്ധിച്ച വർക്കിംങ് ഗ്രൂപ്പ് മോണിറ്ററിംങ് നടത്തിയതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-22 ദേശീയ നഗര ഉപജീവന മിഷൻ (NULM) -UPA ഫണ്ട് വകയിരുത്താത്തതു സംബന്ധിച്ച്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 284 വകുപ്പ് പ്രകാരം നഗരദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഫലപ്രദമായി ഉപയോഗിയ്ക്കുന്നതിനും സംഘടനാ സംവിധാനം മെച്ചപ്പെടുത്തുന്നതിനും നഗരസഭകളുടെ റവന്യൂ വരുമാനത്തിന്റെ 2%യു. പി. എ ഫണ്ടായി വകയിരുത്തുകയും വകയിരുത്തിയ തുക കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. ഇപ്രകാരം തുക കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് കൈമാറിയതു സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുടെ 10.2.21 തീയതിയിലെ DC2/5633/19(1) കത്തിന് 2019-20 വർഷം വരെ പ്രസ്തുത ഫണ്ട് വകയിരുത്തിയിട്ടില്ല എന്ന് നഗരസഭ അറിയിച്ചതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നു.

2020-21 വർഷത്തിൽ യു. പി. എ ഫണ്ടായി വകയിരുത്തിയതിന്റെയും പ്രസ്തുതഫണ്ട് കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം. 35/27.4.22യ്ക്കുള്ള മറുപടിയിൽ തനതു ഫണ്ട് അപര്യാപ്തമായതിനാലാണ് യു. പി. എ ഫണ്ട് വകയിരുത്തുവാൻ കഴിയാതിരുന്നതെന്നും ഫണ്ട് മെച്ചപ്പെടുന്ന മുറയ്ക്ക്

കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 NULM-ലിങ്കേജ് ലോൺ രേഖകൾ ലഭ്യമാക്കുന്നതു സംബന്ധിച്ച്

ഫയൽ നം H1-5 (1)/2019

ദേശീയ നഗര ഉപജീവന മിഷന്റെ(NULM)കീഴിൽ 2020-21 വർഷത്തിൽ ലിങ്കേജ് ലോൺ ആയി 134 അയൽക്കൂട്ടങ്ങൾക്ക് ലോൺ തുക നൽകിയിട്ടുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2020-21 വർഷത്തിൽ ആകെ അനുവദിച്ച ലോൺ തുകയുടെ കൃത്യമായ വിവരം രജിസ്റ്ററിൽ ലഭ്യമല്ല. ലോൺ അനുവദിച്ച അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾ ഫയലുകൾ മറ്റനുബന്ധരേഖകൾ അപേക്ഷകളിന്മേലുള്ള കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ വെരിഫിക്കേഷൻ റിപ്പോർട്ട് സബ്സിഡി നൽകിയതു സംബന്ധിച്ച വിവരം അയൽക്കൂട്ടങ്ങളുടെ പ്രവർത്തനാവലോകന റിപ്പോർട്ട് തുടങ്ങിയ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ലോൺ അനുവദിച്ചതിനു ശേഷം ഏതെങ്കിലും അയൽക്കൂട്ടങ്ങൾ പിരിഞ്ഞു പോയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അപാകതകൾ സൂചിപ്പിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/28.4.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രൊജക്ട് നമ്പർ,പേര് | ചെലവ് /അടങ്കൽ തുക | കുറിപ്പ് |
|---|---|---|
| S0380/2021,എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ്(എസ്.സി.പി) | 1740000/1410290 (എസ്.സി.പി) | 61എണ്ണം വാങ്ങിയിട്ടുണ്ട്,സ്റ്റോക്കിലെടുത്തിട്ടിട്ടില്ല. |
| S0381/2021,എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 660000/641060 (എസ്.സി.പി) | 28എണ്ണം വാങ്ങിയിട്ടുണ്ട്,സ്റ്റോക്കിലെടുത്തിട്ടിട്ടില്ല.. |
| S0556/21,എസ് സി യുവാക്കൾക്ക് വാദ്യോപകരണം | 50000/49520 (എസ്.സി.പി) | 4ചെണ്ട,ഇലത്താളം വാങ്ങിയിട്ടുണ്ട്.സ്റ്റോക്കിലെടുത്തിട്ടിട്ടില്ല. |
| S0557/21 സ്പോർട്സ് കിറ്റ് വിതരണം | 150000/150000 തനത് ഫണ്ട് | ക്രിക്കറ്റ് ബാറ്റ് (38), ടെന്നീസ് ബോൾ (38), ക്രിക്കറ്റ് സ്റ്റംമ്പ്(38), ബാഡ്മിന്റൺ റാക്കറ്റ്(76),ഷട്ടിൽ കോക്ക്(76) ഫുഡ് ബോൾ (76)വാങ്ങിയിട്ടുണ്ട്.സ്റ്റോക്കിലെടുത്തിട്ടിട്ടില്ല. |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (28/27-4-22)മറുപടി ലഭ്യമാക്കിയിട്ടില്ല.വാങ്ങിയ സാധനങ്ങളെല്ലാം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി. ടി.ഡി. എസ്. ഈടാക്കിയില്ല.

2,50,000ത്തിന മുകളിലുള്ള പർചേയ്സിന് 2% GST TDS കുറവു ചെയ്യേണ്ടതാണ്. എന്നാൽ നഗരസഭയുടെ കീഴിലുള്ള 51 അംഗനവാടകളിലേയ്ക്കാവശ്യമായ ന്യൂട്രിമിക്സ് താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം കണ്ണമംഗലം അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയപ്പോൾ ഇപ്രകാരം ടി.ഡി. എസ്. കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)പ്രോജക്ട് നം : 426/20-21 പൂരകപോഷകാഹാരം (സ്പിൽ ഓവർ)

അടങ്കൽ : 5877225

| ബിൽ/ചെക്ക് നം&തീയതി, | തുക | ഇൻവോയ്സ് നം &തീയതി | അന്നപൂർണ്ണയ്ക്ക് നൽകിയ തുക (GST ഒഴികെ) | ആകെ തുക | ടി.ഡി. എസ്.(2%) |
|---|---|---|---|---|---|
| 398921/28.5.20 | 333656 | 4/29.4.20 | 208250 | 397250 | 7945 |
| | | 3/25.4.20 | 189000 | | |

2)പ്രോജക്ട് നം : 207/20-21 പൂരകപോഷകാഹാരം (SCP)

അടങ്കൽ : 155000

| ബിൽ/ചെക്ക് നം&തീയതി, | തുക | ഇൻവോയ്സ് നം &തീയതി | അന്നപൂർണ്ണയ്ക്ക് നൽകിയ തുക (GST ഒഴികെ) | ആകെ തുക | ടി.ഡി. എസ്.(2%) |
|---|---|---|---|---|---|
| 7/28.8.20 | 323488 | 12/26.6.20 | 135100 | 305900 | 6118 |
| | | 16/21.7.20 | 170800 | | |
| 6/13.6,21 | 289325 | 15/13.7.20 | 149385 | 273595 | 5472 |
| | | 11/17.6.20 | 133210 | | |

3)പ്രോജക്ട് നം : 126/2019-20 പൂരകപോഷകാഹാരം (ജനറൽ)

അടങ്കൽ : 550000

| ബിൽ/ചെക്ക് നം&തീയതി, | തുക | ഇൻവോയ്സ് നം &തീയതി | അന്നപൂർണ്ണയ്ക്ക് നൽകിയ തുക (GST ഒഴികെ) | ആകെ തുക | ടി.ഡി. എസ്.(2%) |
|---|---|---|---|---|---|
| 604676/ 15.3.21 | 304127 | 52/26.3.21 | 178850 | 314020 | 6280 |
| | | 51/20.3.21 | 135170 | | |
| 604692/ 15.3.21 | 345620 | 47.18.2.21 | 189700 | 326830 | 6537 |
| | | 48/24.2.21 | 137130 | | |
| 16/17.1.21 | 362274 | 36/26.11.20 | 154400 | 311580 | 6832 |
| | | 35/24.11.20 | 187180 | | |
| 29/31.3.21 | 350507 | 40/22.12.20 | 184800 | 331450 | 6629 |
| | | 41/25.12.20 | 146650 | | |
| 398978/ 10.11.20 | 322079 | 19/25.8.20 | 188720 | 304570 | 6092 |
| | | 21/7.9.21 | 115850 | | |

ആകെ 54775/-

ടി.ഡി. എസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 18/25.4.2022 ന് സ്ഥാപനം ടി.ഡി.എസ് ഫയൽ ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ടി.ഡി. എസ് ഈടാക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-26 ഷീ പാഡ് പദ്ധതി - സർക്കാർ നിർദേശം പാലിക്കാത്തതിനാൽ അധിക ചെലവ്

നിർവഹണം : ഹെൽത്ത് ഓഫീസർ

പ്രൊജക്ട് നമ്പർ, പേര് : 415/21, ഷീപാഡ്

അടങ്കൽ : 450000

തുക : 304202 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ / തിയ്യതി : 11/28.01.2021

സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ (ഷീപാഡ്) നൽകൽ, നാപ്കിൻ സംസ്കരണത്തിന് ഇൻസിനറേറ്റർ സ്ഥാപിക്കൽ, സാനിട്ടറി നാപ്കിൻ (ഷീപാഡ്) സൂക്ഷിക്കുന്നതിന് അലമാര വാങ്ങൽ എന്നിവയാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എച്ച് 1/6369/19 നമ്പറായി 06.03.2020 ന് ടെണ്ടർ പത്ര പരസ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ കുറവ് രേഖപ്പെടുത്തിയ മാരിയ ഹൈജീൻ സൊല്യൂഷൻ, കാലിക്കറ്റ് എയർപോർട്ട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് (ഷീപാഡ് ഒന്നിന് 5 രൂപ, ഇൻസിനറേറ്റർ ഒന്നിന് 32,000 രൂപ, അലമാര ഒന്നിന് 19,400 രൂപ) നഗരസഭയിലെ 3 സ്കൂളുകളിൽ ഇൻസിനറേറ്റർ (3), ഷീപാഡ് (30,000), അലമാര (3) എന്നിവ വിതരണം ചെയ്യുന്നതിന് 18.03.2020 ന് എച്ച് 1/6369/19 നമ്പറായി സപ്ലൈ ഓർഡർ നൽകി.

മാരിയ ഹൈജീൻ സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ 10.06.2020 ലെ 2 നമ്പർ ഇൻവോയ്സ് പ്രകാരം ഇൻസിനറേറ്റർ - 3 എണ്ണം 96,001 രൂപ (32000 X 3), ഷീപാഡ് - 30,000 എണ്ണം 1,50,000 രൂപ (5 X 30000) അലമാര 3 എണ്ണം 58,201 രൂപ (19400 X 3) എന്നിവക്കായി ആകെ 3,04,202രൂപ സ്ഥാപനത്തിന് നൽകി. നഗരസഭയിലെ 3 ഹയർസെക്കണ്ടറി സ്കൂളുകളിൽ ഷീപാഡ് 10000 എണ്ണം വീതവും, അലമാര, ഇൻസിനറേറ്റർ എന്നിവ ഓരോന്ന് വീതവും വിതരണം ചെയ്തു. (PPM ഹയർസെക്കണ്ടറി സ്കൂൾ കൊട്ടുക്കര, EMEA ഹയർസെക്കണ്ടറി സ്കൂൾ കൊണ്ടോട്ടി, GVHSS മേലങ്ങാടി). പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 22.05.2019 ലെ KSWDC/P5/SHE PAD/2019-20/1539 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ, ഉപയോഗിച്ച നാപ്കിനുകൾ പ്രകൃതിക്ക് ദോഷകരമല്ലാത്ത രീതിയിൽ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ, സാനിട്ടറി നാപ്കിനുകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ വിതരണം ചെയ്യുന്ന ഷീപാഡ് എന്ന സർക്കാർ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം വനിതാ വികസന കോർപ്പറേഷനെയാണ് ഏൽപിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 25.01.2016 ലെ സ.ഉ (സാധാ) നം. 280/16/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഷീപാഡ് അനുബന്ധ ഉപകരണങ്ങൾ വനിതാ വികസന കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി വനിതാ വികസന കോർപ്പറേഷനെ ഏൽപ്പിക്കാതെ ടെണ്ടർ ക്ഷണിച്ച് നേരിട്ട് നിർവഹണം നടത്തിയത് ക്രമ പ്രകാരമല്ല. ടെണ്ടർ ക്ഷണിക്കുന്നതിന്റെ 10 മാസം മുന്നേ തന്നെ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വനിതാ വികസന കോർപ്പറേഷൻ നഗരസഭക്ക് കത്ത് നൽകിയിരുന്നെങ്കിലും ആയത് പരിഗണിക്കാതെ പദ്ധതി നിർവഹണം നടത്തിയതിന്റെ ഉദ്ദേശം വ്യക്തമല്ല.

വനിതാ വികസന കോർപ്പറേഷൻ നൽകിയ കത്ത് പ്രകാരം ഷീപാഡ് ഒന്നിന് 2.39 രൂപ (7 പാഡിന് 16.71 രൂപ), ഇൻസിനറേറ്റർ ഒന്നിന് 25168 രൂപ, അലമാര ഒന്നിന് 17380 രൂപ എന്നിങ്ങനെയാണ് PMC ഉൾപ്പെടെയുള്ള വില കാണിച്ചിരിക്കുന്നത്. ഓപ്പൺ ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിച്ചപ്പോൾ വനിതാ വികസന കോർപ്പറേഷൻ നൽകിയ വില നിലവാരത്തേക്കാൾ അധികരിച്ച നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചു.

| ഇനം | ഹൈജീൻ സൊല്യൂഷൻ | | | വനിതാ വികസന കോർപ്പറേഷൻ | | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | |
| ഷീപാഡ് | 5 | 30000 | 150000 | 2.39 | 30000 | 71700 | 78300 |
| ഇൻസിനറേറ്റർ | 3 | 32000 | 96001 | 25168 | 3 | 75504 | 20497 |
| അലമാര | 3 | 19400 | 58201 | 17380 | 3 | 52140 | 6061 |
| ആകെ | | | 304202 | | | 199344 | 104858 |

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ തിയ്യതി : 29.01.2018 ഖണ്ഡിക 6.3 (7) പ്രകാരം യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം 'നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ' സ്ഥാപിക്കുന്ന പ്രൊജക്ടുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖ അവലംബിച്ച് വേണം യൂണിറ്റുകൾ സ്ഥാപിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ നിർദേശം പാലിക്കാതെ, കോർപ്പറേഷന്റെ വിലയേക്കാൾ അധികരിച്ച നിരക്കിൽ സാധനങ്ങൾ വാങ്ങി പ്രൊജക്ട് നടപ്പാക്കിയതിനാൽ 104858 രൂപ (304202 - 199344) നഗരസഭക്ക് വ്യക്തമായ നഷ്ടം സംഭവിച്ചു.

പദ്ധതി നടപ്പാക്കിയ GVHSS മേലങ്ങാടി സ്കൂളിലെ പുരോഗതി വിവരം ആരാഞ്ഞുകൊണ്ട് നടത്തിയ ഫോൺ സന്ദേശത്തിൽ നിന്ന് നിലവിൽ ഇൻസിനറേറ്റർ പ്രവർത്തന സജ്ജമായിട്ടില്ല എന്ന് വ്യകതമായി. കറണ്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കേണ്ട ഇൻസിനറേറ്റർ കറണ്ട് ലഭ്യമല്ലാത്ത കെട്ടിടത്തിൽ സ്ഥാപിച്ചതിനാൽ നാളിതുവരെ ഉപകരണം പ്രവർത്തിപ്പിക്കാനായില്ല. ഉപകരണം നൽകുന്നതിന് മുമ്പ് ആയതിന് വേണ്ട ഭൗതിക സൗകര്യം ഉറപ്പ് വരുത്തിയില്ല. ഉപകരണത്തിന്റെ തുടർ

മെയിന്റനൻസ്, വാറണ്ടി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/27.04.2022) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി കൗൺസിൽ അംഗീകരിച്ചതും, ഡി.പി.സി അംഗീകാരം ലഭിച്ചതും ടെണ്ടർ ക്ഷണിച്ച് നിർവഹണം നടത്താനാണ് എന്നും പരാമർശിച്ചിട്ടുണ്ട്. കൗൺസിൽ അംഗീകാരത്തോടെയാണ് ടെണ്ടർ നടപടി സ്വീകരിച്ചതും എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദേശത്തിന് വിരുദ്ധമായും, വനിതാ വികസന കോർപ്പറേഷൻ നൽകിയ റേറ്റ് ചാർട്ടിലെ നിരക്കിന് വിരുദ്ധമായും, കോർപ്പറേഷന്റെ മാർഗ്ഗരേഖ പാലിക്കാതെയും പദ്ധതി നടപ്പാക്കിയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല.

സർക്കാർ നിർദേശമുണ്ടായിട്ടും വനിതാ വികസന കോർപ്പറേഷനെ പദ്ധതി ഏൽപ്പിക്കാതെ കോർപ്പറേഷന്റെ നിരക്കിനെക്കാൾ കൂടുതലായി ചെലവ് നടത്തിയതിനാൽ നഗരസഭക്ക് ഉണ്ടായ നഷ്ടം 104858/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-2 കൂടി കാണുക)

## 1-27 ഫർണീച്ചറുകൾ സ്റ്റോക്കിലെടുക്കുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ആർട്കോയിൽ നിന്നും വാങ്ങിയ ഫർണീച്ചറുകൾ യഥാവിധി സ്റ്റോക്കിലെടുക്കാതെയാണ് അംഗനവാടകളിലേയ്ക്കും ഗുണഭോക്താക്കൾക്കും വിതരണം നടത്തിയിട്ടുള്ളത്. വാങ്ങിയ ഫർണീച്ചറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം : 198/20-21 അംഗനവാടകളിലേയ്ക്ക് ഫർണീച്ചറുകൾ

അടങ്കൽ : 200000/-തനത്

ചെലവു തുക 64164/- ചെക്ക് നം

| ഇൻവോയ്സ് നം& തീയതി | ഇനം | എണ്ണം |
|---|---|---|
| കെ. കെ ഡി 421/4.2.21 | ഹാർഡ് വുഡൺ ടേബിൾ | 7 |

2)1)പ്രോജക്റ്റ് നം : 385/20-21 അംഗനവാടകളിലേയ്ക്ക് ഫർണീച്ചറുകൾ (സ്പിൽ ഓവർ)

അടങ്കൽ : 300000/-CFC

ചെലവു തുക 299985/

| ബിൽ നം &തീയതി, തുക | ഇൻവോയ്സ് നം & തീയതി | ഇനം | എണ്ണം |
|---|---|---|---|
| 14/10.11.20-215816/- | കെ.കെ.ഡി 432/18.2.20 | ഹാർഡ് വുഡൺ ടേബിൾ | 15 |
| 15/10.11.20-84169/- | കെ.കെ.ഡി 477/27.2.20 | അലമാര | |

3)1)പ്രോജക്റ്റ് നം : 386/20-21 വയോജനങ്ങൾക്ക് കട്ടിൽ(സ്പിൽ ഓവർ)

അടങ്കൽ : 183500 (വികസനഫണ്ട്)

ചെലവു തുക 180400 /- 2/20.4.20

| ഇൻവോയ്സ് നം& തീയതി | ഇനം | എണ്ണം |
|---|---|---|
| കെ. കെ ഡി 539/11.3.20 | കട്ടിൽ | 44 |

4)1)പ്രോജക്റ്റ് നം : 386/20-21 വയോജനങ്ങൾക്ക് കട്ടിൽ(സ്പിൽ ഓവർ)

അടങ്കൽ : 400000 (വികസനഫണ്ട്)

ചെലവു തുക 400000 /-

| ബിൽ നം &തീയതി, തുക | ഇൻവോയ്സ് നം & തീയതി | എണ്ണം |
|---|---|---|
| 23/21.3.21-120000/- | കെ.കെ.ഡി 473/20.2.21 | 30 |
| 22/27.2.21-280000/- | കെ.കെ.ഡി 477/27.2.21 | 70 |

പ്രോജക്റ്റ് നം 198/20-21 പ്രകാരമുള്ള മേശകൾ ഏതെല്ലാം അംഗനവാടകളിലേയ്ക്കാണ് വിതരണം ചെയ്തത് എന്നതു സംബന്ധിച്ച് വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന ഫർണീച്ചറുകളും മറ്റുപകരണങ്ങളും യഥാവിധി സ്റ്റോക്കിലെടുക്കാതെ വിതരണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 19/25.4.2022 ത്തിന് മറുപടി

ലഭ്യമാക്കിയിട്ടില്ല . സ്റ്റോക്ക് വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

വാങ്ങുന്ന ഫർണീച്ചറുകളും മറ്റുപകരണങ്ങളും യഥാസമയം തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഓരോ ഇനങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് വാറണ്ടി അടക്കമുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതുമാണ്.

## 1-28 ക്ഷേമപെൻഷനുകൾ അനുവദിച്ചു നല്കുന്നതിലെ കാലതാമസം

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 25.6.2002 ലെ ജി.ഒ പി നം 105/2002 ലെ ഉത്തരവു പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേലുള്ള അപേക്ഷകൾ ലഭിച്ച് 40ദിവസത്തിനകം തന്നെ ക്ഷേമ പെൻഷനുകൾ അനുവദിച്ചു നല്കണമെന്നും പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ സമയപരിധി നിർബന്ധമായും പാലിയ്ക്കേണ്ടതാണ് പ്രത്യേകം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ 2020-21 വർഷത്തെ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനാ വിധേയമാക്കിയതിൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷനുകൾ അനുവദിയ്ക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)വിധവാപെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമനം | അപേക്ഷകന്റെ പേര്/ | വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച് തിരിച്ച ലഭിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | ആമിനകുട്ടി. വി | 35 | 15.9.20 | 30.4.21 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | സാബിറ. കെ | 36 | 28.9.20 | 23.3.21 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | രജനി.സി | 34 | 28.9.20 | 4.3.21 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | റംല | 6 | 15.10.20 | 29.7.21 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | റഹ്മത്ത് എൻ | 19. | 21.10.20 | 7.9.21 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | അയിഷാബി | 38 | 27.10.20 | 30.4.21 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | സലീന | 20 | 2.11.20 | 14.7.21 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | നജ്മത്ത് | 38 | 27.10.20 | 16.4.21 | രേഖപ്പെടുത്തിയിട്ടില്ല |
| 9 | ഹഫ്സത്ത് | ഇല്ല | 2.11.20 | 16.4.21 | രേഖപ്പെടുത്തിയിട്ടില്ല |
| 10 | ലില്ലി. കെ | 20 | 11.11.20 | 30.4.21 | രേഖപ്പെടുത്തിയിട്ടില്ല |

2)വാർദ്ധക്യകാല പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

| ക്രമനം | അപേക്ഷകന്റെ പേര് | വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച് തിരിച്ച ലഭി തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | ചേലുകുട്ടി | 33 | 9.10.20 | 17.3.21 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | കുഞ്ഞീവി വി.എം | 20 | 14.1020 | 17.3.20 | |
| 3 | കുഞ്ഞി മൊയ്തീൻ | 40 | 14.10.20 | 12.4.21 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | വീരാൻ കുട്ടി | 33 | 16.10.20 | 17.3.21 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | മൂസ.പി | 16 | 21.10.20 | 17.3.21 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | അബൂബക്കർ | 37 | 2.11.20 | 12.4.21 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | മോഹനൻ.പി | 9 | 3.11.20 | 17.3.21 | രേഖപ്പെടുത്തിയിട്ടില്ല |

3) വികലാംഗ പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥൻ :ഹെൽത്ത് ഇൻസ്പെക്ടർ

| ക്രമനം | അപേക്ഷകന്റെ പേര് | വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച് തിരിച്ച ലഭി തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | ഹംസ എം | 12 | 22.5.20 | 5.9.20 | 22/11.9.20 |
| 2 | ഷൈഫ മറിയം | 39 | 9.9.20 | 31.12.20 | 6.2.20 |

അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലാമസം വന്നതായി കാണുന്നുണ്ട്.അപേക്ഷകൾ നിരസിച്ചതിന്റെ വിവരങ്ങളൊന്നും രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുമില്ല. സർക്കാർ നിർദേശം പാലിയ്ക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33 /27.4.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ നിർദേശ പ്രകാരമുള്ള സമയപരിധി നിർബന്ധമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്- രേഖകൾ ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം ടി.ബിഎസ് ഡിസ്ട്രിബ്യൂട്ടേർസ് നിന്നും 150000 രൂപയുടെ (15-6-2020ലെ 2021GLR-13 നമ്പർ ഇൻവോയ്സ് പ്രകാരം) സ്പോർട്സ് ഉപകരണങ്ങൾ (ക്രിക്കറ്റ് ബാറ്റ് (38), ടെന്നീസ് ബോൾ (38), ക്രിക്കറ്റ് സ്റ്റംമ്പ്(38), ബാഡ്മിന്റൺ റാക്കറ്റ്(76), ഷട്ടിൽ കോക്ക്(76) ഫുഡ് ബോൾ (76)) വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | So 557/21 |
| പ്രോജക്ട് പേര് | സ്പോർട്ട്സ് കിറ്റ് വിതരണം |
| ചെലവു തുക | 150000<br>CN-030910<br>7-12-20 |
| ഫണ്ട് | തനത് ഫണ്ട്. |

പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ.

2. 26-3-2018 ലെ സ.ഉ(സാധാ)നം 811/2018/തസ്വഭവ പ്രകാരം ഓരോ ഗുണഭോക്തൃ ക്ലബുകൾക്കും 5000/-രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം എന്ന് വ്യവസ്ഥയുണ്ട്. ഓരോ ഗുണഭോക്തൃക്ലബുകൾക്കും വിവിധ ഇനം സ്പോർട്സ് ഉപകരണങ്ങൾ എത്ര എണ്ണം വീതം വിതരണം ചെയ്തിട്ടുണ്ട് എന്നതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുമ്പോൾ മേൽവ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനു സാധിച്ചിട്ടില്ല.

3.സബ്സിഡി മാർഗരേഖ സ.ഉ (കൈ)നം- 22/18/തസ്വഭവ 14.2.18 ഖണ്ഡിക 7.6.13 പ്രകാരം സ്പോർട്സ് ഉപകരണങ്ങളുടെ ഇനങ്ങൾ യുവജനക്ലബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. ഇത് പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല . ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (27/27-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ( 1500000/-തുക) തടസ്സം ചെയ്യുന്നു.

## 1-30 റോഡ് നിർമ്മാണം - WMM പ്രവൃത്തി - ക്യൂറിംഗിന് സമയം നൽകിയില്ല.

പ്രൊജക്ട് : നീറാട് അക്ഷര കാളക്കണ്ടി റോഡ് ടാറിംഗ് (485/21 )

അടങ്കൽ : 350000 തനത് ഫണ്ട്

ചെലവ് : 347903 ചെക്ക് നമ്പർ.1671776/15.3.2021

ടി.എസ്. നം : 106483/2019-2020, എസ്റ്റിമേറ്റ് നം.2020/4250 DsoR 2016, COI 31.06%

കരാർ നമ്പർ : 189/AE/LSGD/KDY/19-20 Date 20.3.2020 (ER)

എംബുക്ക് നം: 514/19-20

കരാറുകാരൻ : രാമകൃഷ്ണൻ.കെ

ചീഫ് എഞ്ചിനീയറുടെ (എൽ.എസ്.ജി.ഡി) 10.8.2016 ലെ സർക്കുലർ നം.DB3/6512/13/CE/LSGD പ്രകാരം പുറപ്പെടുവിച്ച WMM നിർമ്മിക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ ഖണ്ഡിക 5 ൽ WMM ന്റെ നിർമ്മാണം പൂർത്തിയായാൽ ആയത് ഡ്രൈ ആകുന്നതിന് 24 മണിക്കൂർ സമയം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടിൽ ഇപ്രകാരം സമയം അനുവദിക്കാതെ ഉടർ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾ

നിർവ്വഹിച്ചതിന്റെ സമയക്രമം പരിശോധിച്ചതിൽ നിന്നും ഇത് വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഐറ്റം നമ്പർ | പ്രവൃത്തി | അളവെടുത്ത തീയ്യതി | നിർവ്വഹിച്ച അളവ് |
|---|---|---|---|
| 1 | Od.462556 ക്വാറി മക്ക് ഫില്ലിംഗ് | 20.3.2020 | 38.94എം3@ 928.23 |
| 2 | 4.9 WMM | 23.3.2020 | 58.41എം3@ 2852.96 |
| 3 | 5.1.1a Prime Cot | 23.3.2020 | 389.40എം2@ 59.26 |
| 4 | 5.2.3a Tack Cot | 24.3.2020 | 389.40എം2@ 12.74 |
| 5 | 5.9.1.2a 20mm Chipping Carpet | 24.3.2020 | 389.40എം2@ 159.19 |
| 6 | 5.12.A.3.2a Seal Cot | 24.3.2020 | 389.40എം2@ 63.48 |

ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.17/25.4.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 347903 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

2012 ലെ PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ മെമ്മോ കൈപ്പറ്റുന്ന തീയ്യതി മുതൽ 14 ദിവസം വരെ പിഴ കൂടാതെയും (മെമ്മോ തപാൽ മുഖേന അയക്കുന്ന അവസരത്തിൽ അത് പോസ്റ്റ് ചെയ്ത തീയ്യതി കൈപ്പറ്റ് തീയ്യതിയായി കണക്കാക്കും), തുടർന്ന് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കിയും മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരെ അനുവദിക്കാവുന്നതാണ്. ഈ കാലപരിധിക്കുള്ളിൽ കരാർ ഒപ്പുവച്ചില്ലെങ്കിൽ അത്തരം കരാറുകാരുടെ EMD മുതൽ കൂട്ടേണ്ടതും, പ്രൊജക്ട് നിർവ്വഹണത്തിന് മറ്റ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ കരാർ ഒപ്പു വച്ചത് സെലക്ഷന് മെമ്മോ കൈപ്പറ്റി 14 ദിവസം കഴിഞ്ഞാണ്. എന്നിട്ടും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിവരവും, മറ്റ് വിശദാംശങ്ങളും. | ചുമത്തേണ്ട പിഴ |
|---|---|---|
| 1 | പ്രൊജക്ട് : ഭവന സുരക്ഷം വാർഡ് 16<br>390/21 (267/20)<br>അടങ്കൽ : 400000 പ്ലാൻ (എസ്.സി.പി)<br>ചെലവ് : 378332 ബിൽ നമ്പർ.35/24.4.2020<br>ടി.എസ്. നം : 85122/2019-2020<br>കരാർ നമ്പർ:103/AE/LSGD/KDY/19-20 Date 27.12.2019<br>എംബുക്ക് നം: 99/19-20<br>കരാറുകാരൻ : അഹമ്മദ്.കെ.കെ<br>സെലക്ഷൻ നോട്ടീസ്- E2/18/AE/T/2019-20 തീയ്യതി 22.11.2019<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 5.12.2019 പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാനതീയ്യതി - 15.12.2019കരാർ ചമച്ച തീയ്യതി - 27.12.2019 | 400000x1%= 4000 |
| 2 | പ്രൊജക്ട് : തൊട്ടണം പാറ കയ്യക്കണ്ടം റോഡ്<br>ജംഗ്ഷനിൽ ഓവുപാലം (421/21 )<br>അടങ്കൽ : 250000 എം.ജി (റോഡ്)<br>ചെലവ് : 378332 ബിൽ നമ്പർ.43/20.8.2020<br>ടി.എസ്. നം : 94179/2019-2020<br>കരാർ നമ്പർ:120/AE/LSGD/KDY/19-20 Date 20.1.2020<br>എംബുക്ക് നം: 145/19-20<br>കരാറുകാരൻ : അബ്ദുൾ നസീർ.വി.പി | 250000x1%= 2500 |

| | | |
|---|---|---|
| | സെലക്ഷൻ നോട്ടീസ് - E2/18/AE/T/2019-20 തീയ്യതി 3.11.2019<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 16.12.2019 പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 26.12.2019 കരാർ ചമച്ച തീയ്യതി - 20.1.2020 | |
| 3 | പ്രൊജക്റ്റ് : കാഞ്ഞിരപ്പറമ്പ് ജി.എൽ.പി.സ്കൂളിൽ<br>ചുറ്റുമതിൽ ഗേറ്റ് നിർമ്മാണം (452/21)<br>അടങ്കൽ : 300000 തനത് ഫണ്ട്<br>ചെലവ് : 296057 ചെക്ക് നമ്പർ.590/6.3.2021<br>ടി.എസ്. നം : 106338/2018-2019<br>കരാർ നമ്പർ: 257/AE/LSGD/KDY/18-19 Date 07.3.2019<br>എംബുക്ക് നം: 163/19-20, 248/18-19<br>കരാറുകാരൻ : മുഹമ്മദ് അഷ്റഫ്.കെ<br>സെലക്ഷൻ നോട്ടീസ് - E2/18/AE/T/2019-20 തീയ്യതി. 24.1.2019<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 6.2.2019 പിഴയോടെ കരാർ ചമയ്ക്കാവുന്നഅവസാനതീയ്യതി - 16.2.2019 കകരാർ ചമച്ച തീയ്യതി - 07.3.2019 | 300000x1%=<br>3000 |
| 4 | പ്രൊജക്റ്റ് : ഫെഡറൽ ബാങ്ക് ബ്ലോക്ക് ഓഫീസ് റോഡ് കോൺ<br>ക്രീറ്റ് (461/21)<br>അടങ്കൽ : 300000 തനത് ഫണ്ട്<br>ചെലവ് : 297740 ചെക്ക് നമ്പർ.000582/23.2.2021<br>ടി.എസ്. നം : 76719/2019-2020<br>കരാർ നമ്പർ: 106/AE/LSGD/KDY/19-20 Date 30.12.2019<br>എംബുക്ക് നം: 153/19-20,<br>കരാറുകാരൻ : മുഹമ്മദ് സലീം .കെ<br>സെലക്ഷൻ നോട്ടീസ് - E2/18/AE/T/2019-20 തീയ്യതി. 22.11.2019<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 5.12.2019 പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 25.12.2019 കരാർ ചമച്ച തീയ്യതി - 30.12.2019 | 300000x1%=<br>3000 |
| 5 | പ്രൊജക്റ്റ് : മുണ്ടപ്പാലം ആലൂർ ഫുട് പാത്ത് കോൺക്രീറ്റ്<br>പൂർത്തീകരണം (492/21)<br>അടങ്കൽ : 100000 തനത് ഫണ്ട്<br>ചെലവ് : 99145 ചെക്ക് നമ്പർ.1671777/22.3.2021<br>ടി.എസ്. നം : 80280/2019-2020<br>കരാർ നമ്പർ: 124/AE/LSGD/KDY/19-20 Date 21.1.2020<br>എംബുക്ക് നം: 154/19-20,<br>കരാറുകാരൻ : ഷബീർ അലി.സി.പി<br>സെലക്ഷൻ നോട്ടീസ് - E2/18/AE/T/2019-20 തീയ്യതി. 22.11.2019<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 5.12.2019 പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 25.12.2019 കരാർ ചമച്ച തീയ്യതി - 21.1.2020 | 100000x1%=<br>1000 |
| 6 | പ്രൊജക്റ്റ് : കുന്നത്ത് പറമ്പ് കുഞ്ഞാലി സ്മാരക റോഡ്<br>(476/21 )<br>അടങ്കൽ : 200000 തനത് ഫണ്ട്<br>ചെലവ് : 199000 ചെക്ക് നമ്പർ.<br>ടി.എസ്. നം : 85141/2019-2020 DsoR 2016, COI 31.06%<br>കരാർ നമ്പർ : 115/AE/LSGD/KDY/19-20 Date 3.1.2020 | 200000x1%=<br>2000 |

| | | |
|---|---|---|
| | എംബുക്ക് നം: 236/19-20<br>കരാറുകാരൻ : നൗഷാദലി.പി.പി<br>സെലക്ഷൻ നോട്ടീസ് - E2/18/AE/T/2019-20 തീയ്യതി. 22.11.2019<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 5.12.2019 പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 3.1.2020 കകരാർ ചമച്ച തീയ്യതി - 21.1.2020 | |
| | ആകെ | 15500 |

മേൽപ്പറഞ്ഞ പ്രകാരമുള്ള പിഴ തുകകൾ കരാറുകാരിൽ നിന്നോ, ആയതിന് സാധ്യമാകാത്ത പക്ഷം പിഴ ഈടാക്കാതെ കരാർ ഒപ്പുവയ്ക്കുന്നതിന് അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

അപാകതക്ക് (ക്രമ നമ്പർ. 1, 2) വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.15/25.4.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 ടെണ്ടർ കുറവ് കുറയ്ക്കാതെ ബിൽ അനുവദിച്ചു - 3373രൂപ നഷ്ടം

പ്രൊജക്റ്റ് : കോട്ടപ്പറമ്പ അങ്കണവാടി കക്കൂസ് നവീകരണം (447/21 )

അടങ്കൽ : 75000 തനത് ഫണ്ട്

ചെലവ് : 67466 ചെക്ക് നമ്പർ. 0952317/18.1.2021

ടി.എസ്. നം : 102605/2018-2019, എസ്റ്റിമേറ്റ് നം.2018/101924 DsoR 2016, COI 37.25%

കരാർ നമ്പർ : 1/AE/LSGD/KDY/19-20 Date 11.6.2019 (ER)

എംബുക്ക് നം: 137/19-20, 138/19-20

കരാറുകാരൻ : ഫസലുൽ ഹഖ്.കെ

ഈ പ്രൊജക്റ്റ് ടെണ്ടർ ചെയ്തതിൽ, 5% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ ശ്രീ.ഫസലുൽ ഹഖ്.കെ എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ പ്രസ്തുത ടെണ്ടർ കുറവ് വരുത്താതെയാണ് കരാറുകാരന് ബിൽ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരൻ താഴെ പറയും പ്രകാരം 3373 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്.

| | അനുവദിച്ച തുക | അനുവദിക്കാവുന്നത്. | അധികം നൽകിയത് |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം<br>(-)5%<br>ബാക്കി | 67466<br>---<br>67466 | 67466<br>3373<br>64093 | |
| | | | 3373 |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം.16/25.4.2022 മുഖേനെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ, അപാകത പരിഹരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ അധിക ചെലവ് 3373 രൂപ പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. പരാമർശം ഖണ്ഡിക 3-5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-33 പകൽ വീട് നിർമ്മാണം -കെട്ടിടം നാളിതുവരെ ഉപയോഗിച്ചിട്ടില്ല.

പ്രൊജക്റ്റ് നം : 357/21

അടങ്കൽ : 600000 പ്ലാൻ ജനറൽ

ചെലവ് : 457576 ബിൽ നമ്പർ.4/24.4.2020

ടി.എസ്. നം : 109581/2019-2020, DsoR 2016, COI 31.06%

കരാർ നമ്പർ : 229/AE/LSGD/KDY/18-19 Date 4.2.2019 (ER)

എംബുക്ക് നം: 266/18-19, 19/19-20, 18/19-20

26.4.2022 ന് നഗരസഭയിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ കെട്ടിടം നേരിട്ട് പരിശോധിച്ചു. വിജനമായ സ്ഥലത്ത്, കോമ്പൗണ്ട് കെട്ടി തിരിക്കാത്ത സ്ഥലത്താണ് കെട്ടിടം പണിതിട്ടുള്ളത്. 457576 രൂപ ചെലവിൽ 15.11.2019 ന് കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എന്നാൽ വൈദ്യുതീകരിക്കാത്തതിനാലും കുടിവെള്ള സൗകര്യം ഏർപ്പെടുത്താത്തതിനാലും കെട്ടിടം നാളിതുവരെ നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ല. പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കി എത്രയും വേഗം കെട്ടിടം

നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രൊജക്ടിന് വേണ്ടി ചെലവ് ചെയ്ത മുഴുവൻ തുകയും പാഴ്ചെലവാകുന്നതാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർ നടപടി അറിയിക്കേണ്ടതാണ്.

## 1-34 പൊളിച്ചെടുത്ത വസ്തുക്കളുടെ വിനിയോഗ വിവരം ലഭ്യമല്ല

പ്രൊജക്ട് : വനിതാ ഹോസ്റ്റൽ നിർമ്മാണം, 545/21

അടങ്കൽ : 3500000 സി.എഫ്.സി

ചെലവ് : 1784120 ബിൽ നമ്പർ.91/29.3.2021

(2021-22 ൽ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്)

ടി.എസ്. നം : 93236/2019-2020, (റിവൈസ് ചെയ്തിട്ടുണ്ട്) DsoR 2016, COI 31.06%

കരാർ നമ്പർ : 212/AE/LSGD/KDY/19-20 Date 24.3.2020

എംബുക്ക് നം: 258/19-20, 263/19-20

കരാറുകാരൻ : മുഹമ്മദ് അഷ്റഫ്.കെ

പ്രൊജക്ടിന്റെ അളവ് പുസ്തകം പ്രകാരം വനിതാ ഹോസ്റ്റൽ പണിയുന്നതിന് കണ്ടെത്തിയ സ്ഥലത്ത് നിലവിലുണ്ടായിരുന്ന ഷെഡ് പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച താഴെ പറയുന്ന സാധനങ്ങൾ അട്ടി വച്ചിട്ടുണ്ട്.

| ഐറ്റം നമ്പർ | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തി | അട്ടിവെച്ച അളവ് |
|---|---|---|---|
| 2 | 15.12.1 | വാതിലുകളും ജനലുകളും പൊളിച്ച് അട്ടിവെക്കൽ | 12No@206/E |
| 3 | 15.18 | ഡിസ്മാന്റ്ലിംഗ് സ്റ്റീൽ വർക്ക് ബിൽറ്റ് അപ് സെക്ഷൻ | 745.14kg@3.15/kg |
| 5 | 15.28.2 | റൂഫിംഗ് മെറ്റീരിയലുകൾ പൊളിച്ച് അട്ടി വെക്കൽ (എ.സി.ഷീറ്റ്) | 114.62എം2@43.05/എം2 |
| 6 | Od. | ലാറ്ററൈറ്റ് സ്റ്റോൺ പൊളിച്ച് അട്ടിവെക്കൽ | 30.84എം3 @896.31 എം3 |

പ്രൊജക്ടിന്റെ അളവ് പുസ്തകങ്ങളിൽ മേൽപ്പറഞ്ഞ സാധനങ്ങളുടെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല. 26.4.2022 ന് നഗരസഭയിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രൊജക്ട് ഭൗതികമായി പരിശോധിച്ചപ്പോൾ പ്രസ്തുത സാധനങ്ങൾ പ്രവൃത്തി സ്ഥലത്ത് അട്ടി വച്ചതായും കണ്ടില്ല. തുടർന്ന് അപാകത വ്യക്തമാക്കി സ്ഥല പരിശോധനാ റിപ്പോർട്ട് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് പ്രസ്തുത കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പൊളിച്ചെടുക്കുന്ന കല്ലിന്റെ 25% പുനരുപയോഗിക്കാമെന്ന് കണക്കാക്കി എസ്റ്റിമേറ്റിലെ ഇനം 25 ആയി ഉൾപ്പെടുത്തിയിരുന്നുവെന്നും, എന്നാൽ അവ തീർത്തും ഉപയോഗ ശൂന്യമായതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 25 പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടെന്നും, പ്രസ്തുത കല്ലുകൾ പ്രൊജക്ട് സൈറ്റിലെ താഴ്ന്ന സ്ഥലങ്ങൾ ഫില്ല് ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ, പൊളിച്ചെടുത്ത സ്റ്റീൽ നഗരസഭാ പരിസരത്ത് കൊണ്ടുവന്ന് സൂക്ഷിച്ചിട്ടുണ്ടെന്നും, റൂഫിംഗ് മെറ്റീരിയൽ എ.സി.ഷീറ്റ് ആയതിനാൽ പൊട്ടിപ്പോയെന്നും, വാതിൽ/ജനൽ കട്ടിലകൾ വളരെയധികം ജീർണ്ണിച്ചവയായിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ അറിയിക്കുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 25 ഒഴിവാക്കിയിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ അളവു പുസ്തകത്തിൽ പൊളിച്ചെടുത്ത ലാറ്ററൈറ്റ്, റൂഫിംഗ് മെറ്റീരിയൽ, വാതിൽ/ജനൽ കട്ടിലകൾ എന്നിവയുടെ അവസ്ഥ യഥാസമയം രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽപരിശോധന നടത്താത്ത സാഹചര്യത്തിൽ, പ്രസ്തുത സാധനങ്ങൾ ഒരു തരത്തിലും വിനിയോഗിക്കാൻ സാധിക്കാത്തതാണെന്ന മറുപടി അംഗീകരിക്കുന്നില്ല. വിഷയത്തിൽ ഭരണ സമിതിയുടെ അഭിപ്രായവും, പ്രവൃത്തിയുടെ മേലളവെടുത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. മേൽ ഐറ്റം നമ്പർ 3 പ്രകാരം പൊളിച്ചെടുത്ത് അട്ടിവച്ച സ്റ്റീൽ ലേലം ചെയ്ത് വരവ് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ സെക്ഷൻ 2112.1 പ്രകാരം ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് പൂർത്തീകരണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ സ്വീകാര്യമാണെങ്കിൽ പിഴ ഈടാക്കി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പൂർത്തീകരണ കാലയളവ് ആദ്യം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകുന്നതിന് പ്രൊജക്ട് PAC യുടെ 1% പിഴ ഈടാക്കണം. തുടർന്നുള്ള ഓരോ മൂന്ന് മാസം ദീർഘിപ്പിക്കുന്നതിനും PAC യുടെ 2% പിഴ ഈടാക്കണം.

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ നിർവ്വഹണം നടത്തിയ താഴെ പറഞ്ഞ മരാമത്ത് പ്രൊജക്ടുകൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. അതേസമയം, പ്രൊജക്ടിന്റെ കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതു സംബന്ധിച്ചും, സമയത്തിന് പൂർത്തീകരിക്കാത്ത പക്ഷം ഈടാക്കുന്ന, മേൽ സൂചിപ്പിച്ച പ്രകാരമുള്ള, പിഴ സംബന്ധിച്ചും വ്യവസ്ഥകൾ (കരാറുകളിലെ 6,7 വ്യവസ്ഥകൾ) ഉണ്ട്.

പ്രൊജക്ടുകളുടെ വിശദ വിവരം താഴെ പറയുന്നു.

1.

പ്രൊജക്ട് : ചെമ്പായ റോഡ് റീടാറിംഗ് (468/21 )

അടങ്കൽ : 300000 എം.ജി (റോഡ്)

ചെലവ് : 281447 ബിൽ നമ്പർ.54/23.9.2020

ടി.എസ്. നം : 62756/2019-2020 DsoR 2016, COI 31.06%

കരാർ നമ്പർ : 35/AE/LSGD/KDY/19-20 Date 26.10.2019

എംബുക്ക് നം: 192/19-20

കരാറുകാരൻ : കുട്ടിരായൻ.കെ

ഈ പ്രൊജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

എ) പ്രൊജക്ട് പൂർത്തീകരണ സമയം 6 മാസം - 26.10.2019 മുതൽ 25.4.2020 വരെ

(സാങ്കേതിക അനുമതി പ്രകാരം)

ബി) പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി - 26.10.2019

സി) പ്രവൃത്തി ആരംഭിച്ച തീയ്യതി - 5.5.2020 (ആദ്യത്തെ അളവ്. എം ബുക്ക്.പേജ്.2)

ഡി) പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി-6.7.2020 (അവസാനത്തെ അളവ് എം. ബുക്ക്.പേജ്.13)

ഇ) കാല താമസം - 25.4.2020 മുതൽ 6.7.2020 വരെ - 73 ദിവസം
PAC – 263765.81

എഫ്) ഈടാക്കേണ്ടിയിരുന്ന പിഴ - (263766/1x100)/90x73=2139

2.

പ്രൊജക്ട് : EMEA റോഡ് റീടാറിംഗ് (355/21 )

അടങ്കൽ : 557000 എം.ജി (റോഡ്)

ചെലവ് : 555036 ബിൽ നമ്പർ.41/20.8.2020

ടി.എസ്. നം : 54331/2018-2019 DsoR 2016, COI 37.25%

കരാർ നമ്പർ : 237/AE/LSGD/KDY/18-19 Date 6.2.2019

എംബുക്ക് നം: 50/19-20

കരാറുകാരൻ : അബ്ദുൾ നസീർ.വി.പി

ഈ പ്രൊജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

എ) പ്രൊജക്ട് പൂർത്തീകരണ സമയം 6 മാസം - 6.2.2019 മുതൽ 5.8.2019 വരെ

(സാങ്കേതിക അനുമതി പ്രകാരം)

ബി) പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി - 6.2.2019

സി) പ്രവൃത്തി ആരംഭിച്ച തീയ്യതി - 6.1.2020 (ആദ്യത്തെ അളവ്. എം ബുക്ക്.പേജ്.1)

ഡി)പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി-29.1.2020 (അവസാനത്തെ അളവ് എം. ബുക്ക്.പേജ്.17)

ഇ) കാല താമസം - 6.8.2019 മുതൽ 29.1.2020 വരെ - 3 മാസം 81ദിവസം

എഫ്) ഈടാക്കേണ്ടിയിരുന്ന പിഴ – 557000/1x100 = 5570 +

(557000/2x100)/90x81= 10026

15596

മേൽപ്പറഞ്ഞ പ്രകാരമുള്ള പിഴ തുകകൾ കരാറുകാരിൽ നിന്നോ, ആയതിന് സാധ്യമാകാത്ത പക്ഷം പിഴ ഈടാക്കാതെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

അപാകതക്ക് (ക്രമ നമ്പർ.1, 2) വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.14/25.4.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകിയത് - 43076 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD/MORTH SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അതു പ്രകാരം 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിച്ച പ്രവൃത്തികൾക്ക് DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. MORD SOR പ്രകാരം കരിങ്കൽ കെട്ട് (DR Masonry) പ്രവൃത്തികൾക്ക് മലപ്പുറം ജില്ലക്ക് ബാധകമായ 31.06% കോസ്റ്റ് ഇൻഡക്സിൽ അനുവദിക്കാവുന്ന തുക 2620.47 ആണ്. എന്നാൽ DSR പ്രകാരം ഇതേ പ്രവൃത്തിക്ക് 31.06% കോസ്റ്റ് ഇൻഡ്ക്സിൽ 2515.43 മാത്രമെ അനുവദിക്കാനാവൂ. DSR പ്രകാരം തയ്യാറാക്കേണ്ട എസ്റ്റിമേറ്റ് തെറ്റായി MORD SOR പ്രകാരം തയ്യാറാക്കിയത് മൂലം DR Masonry പ്രവൃത്തിക്ക് അധികം പണം നൽകാൻ ഇടയായിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിവരം താഴെ പറയുന്നു.

1.

പ്രൊജക്ട് : എസ്.സി കോളനി കയ്യാല കെട്ടി അഭിവൃദ്ധിപ്പെടുത്തൽ (403/21 )

അടങ്കൽ : 494986 പ്ലാൻ (എസ്.സി.പി)

ചെലവ് : 286060 ബിൽ നമ്പർ.30/18.4.2020

171301 ബിൽ നമ്പർ.49/20.8.2020

457361

ടി.എസ്. നം : 95152/2019-2020, എസ്റ്റിമേറ്റ് നം.2019/123395 DsoR 2016, COI 31.06%

കരാർ നമ്പർ : 142/AE/LSGD/KDY/19-20 Date 10.2.2020 (22.06% കുറവ്)

എംബുക്ക് നം: 141/19-20

കരാറുകാരൻ : മുഹമ്മദ് ഷക്കീൽ.വി

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ (22.06% കുറവ്) | നൽകാവുന്നത് @2515.43/m3 (22.06% കുറവ്) | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 163.165 | 163.165x2042.50= 333264.51 | 163.165 (2515.43x77.94%)1= 319889.24 | 13375.26x112%= 14980 |

2.

പ്രൊജക്ട് : ചെത്തയിൽ എസ്.സി കോളനി കയ്യാല കെട്ടൽ (437/21 )

അടങ്കൽ : 300000 പ്ലാൻ (എസ്.സി.പി)

ചെലവ് : 226323 ബിൽ നമ്പർ. 36/21.4.2020

ടി.എസ്. നം : 95154/2019-2020, എസ്റ്റിമേറ്റ് നം.2019/121755 DsoR 2016, COI 31.06%

കരാർ നമ്പർ : 164/AE/LSGD/KDY/19-20 Date 6.3.2020 (ER)

എംബുക്ക് നം: 157/19-20

കരാറുകാരൻ : വിജയകുമാർ.കെ

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ | നൽകാവുന്നത് @2515.43/m3 | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 61.26 | 61.26x2620.47 = 160529.99 | 61.26x2515.43 = 154095.24 | 6435x112%= 7207 |

3.

പ്രൊജക്റ്റ് : ഭവന സുരക്ഷം വാർഡ് 16 (390/21 ) (267/20)

അടങ്കൽ : 400000 പ്ലാൻ (എസ്.സി.പി)

ചെലവ് : 378332 ബിൽ നമ്പർ. 8/24.4.2020

ടി.എസ്. നം : 85122/2019-2020, എസ്റ്റിമേറ്റ് നം.2019/106262 DsoR 2016, COI 31.06%

കരാർ നമ്പർ: 103/AE/LSGD/KDY/19-20 Date 27.12.2019 (ER)

എംബുക്ക് നം: 99/19-20

കരാറുകാരൻ : അഹമ്മദ്.കെ.കെ

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ | നൽകാവുന്നത് @2515.43/m3 | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 122.56 | 122.56x2620.47 = 321164.80 | 122.56x2515.43 = 308291.10 | 12874x112%= 14419 |

4.

പ്രൊജക്റ്റ് : നയാ ബസാർ ചെത്തയിൽ എസ്.സി കോളനി ഭവന സുരക്ഷ (438/21 )

അടങ്കൽ : 200000 പ്ലാൻ (എസ്.സി.പി)

ചെലവ് : 192789 ബിൽ നമ്പർ. 37/29.5.2020

ടി.എസ്. നം : 101605/2019-2020, എസ്റ്റിമേറ്റ് നം.2020/3886 DsoR 2016, COI 31.06%

കരാർ നമ്പർ : 178/AE/LSGD/KDY/19-20 Date 19.3.2020 (ER)

എംബുക്ക് നം: 160/19-20

കരാറുകാരൻ : വിജയകുമാർ.കെ

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ | നൽകാവുന്നത് @2515.43/m3 | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 55 | 55x2620.47 = 144125.85 | 55x2515.43 = 138348.65 | 5777x112%= 6470 |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം.12/25.4.2022 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ, അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമാണ് മേൽപ്പറഞ്ഞ പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ അധികച്ചെലവ് 43076.00 രൂപ പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 1-37 വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതും മറ്റ് അപാകതകളും

പ്രൊജക്റ്റ് : എലിയക്കോട് പാലക്കോട് മില്ലുപടി റോഡ് നിർമ്മാണം, 424/21 (521/17)

അടങ്കൽ : 250000 എം.ജി (റോഡ്)

ചെലവ് : 185265, BRN1047002100316820/12.7.2018

29089 ബിൽ നമ്പർ.35/21.4.2020

ടി.എസ്. നം : 924/2017-2018, എസ്റ്റിമേറ്റ് നം.2016/5301, DsoR 2016, COI 40.2%

കരാർ നമ്പർ : 107/AE/LSGD/KDY/16-17 Date 15.5.2017

എംബുക്ക് നം: 232/17-18

കൺവീനർ : മുജീബ് റഹ്മാൻ.പി.പി

ഗുണഭോക്തൃ കമ്മിറ്റി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പ്രൊജക്റ്റിന്റെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്തിട്ടില്ല.

ഈ പ്രൊജക്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഡാറ്റയിൽ 5% വാറ്റ്, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ

അടവാക്കുന്നതിനും മറ്റ് ചെലവുകൾ അഭിമുഖീകരിക്കുന്നതിനുമായി 7.5 % ഓവർ ഹെഡ് ചാർജ് അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി)87/2017/ത.സ്വഭ.വ തീയ്യതി.01.11.2017 പ്രകാരം 1.7.2017 നോ അതിന് ശേഷമോ പൂർത്തിയാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ആണ് ഈടാക്കേണ്ടത് എന്നതിനാൽ ഈ പ്രവൃത്തിക്ക് വാറ്റ് അടവാക്കേണ്ടതില്ല. ആയതിനാൽ വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ 5% തുക 9970 രൂപ ( (214354 X 100/107.5) X 5/100 ) ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നു ആയത് കുറവ് ചെയ്തിട്ടില്ല.

2. രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃ സമിതി രൂപീകരണ യോഗ മിനുട്സ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. തുടർന്നുള്ള യോഗങ്ങളുടെ മിനുട്സുകൾ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 11/25.11.2022 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ, അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമ നമ്പർ 1 പ്രകാരം ചൂണ്ടിക്കാണിച്ച അധിക ചെലവ് 9970 രൂപ പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. ക്രമ നമ്പർ 2 പ്രകാരം ലഭ്യമാക്കാൻ അവശേഷിക്കുന്ന രേഖകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-38 നിലാവ് പദ്ധതി നടത്തിപ്പ് ഉൾപ്പടെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി SILK ന് നൽകി

നിർവ്വഹണം : സെക്രട്ടറി

| ക്രമ നമ്പർ | പ്രൊജക്ട് | ചെലവ് തുക | ഫണ്ട് | ബിൽ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|
| 1 | 115/21,എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 496080 | ധന.കമ്മീഷൻ ഗ്രാന്റ് | 01385417/26-3-21 |
| 2 | 134/21, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡുകളിൽ | 249227 | ധന.കമ്മീഷൻ ഗ്രാന്റ് | 01385414/26-3-21 |
| | | 323173 | തനത് ഫണ്ട് | 050788/13-01-21 |
| 3 | 363/21,സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡുകളിൽ | 1765000 | ധന.കമ്മീഷൻ ഗ്രാന്റ് | 00153327/11-04-20 |
| 4 | 365/21,എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 998400 | ധന.കമ്മീഷൻ ഗ്രാന്റ് | 00153327/11-04-20 |
| 5 | 606/21,സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.സി.പി) | 809400 | വികസന ഫണ്ട്(എസ്.സി.പി) | 0952052/16-1-21 |
| | ആകെ | 4641280 | | |

10/08/2020 ലെ സ.ഉ. ( കൈ ) നം. 117/2020/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലാവ് പദ്ധതിക്ക് നിബന്ധനകളോടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിയായി KSEB യെ നിയോഗിച്ചിരിക്കുന്നു

എന്ന് ഒന്നാമത്തെ നിബന്ധനയായി പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവരം കൈമാറണമെന്ന് KSEB 28.4.21 ലെ KTY/Nilavu/2021-22-01, 23.6.21 ലെ KTY/Nilavu/2021-22-014 നമ്പർ കത്തുകൾ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിലാവ് പദ്ധതി (ക്ര.നം. 1,2) ഉൾപ്പെടെയുള്ള സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും മിനിമാസ്റ്റ് സ്ഥാപിക്കൽ പദ്ധതികളും SILK നെ ഏൽപ്പിച്ചു കൊണ്ടാണ് നിർവ്വഹിച്ചിരിക്കുന്നത്.

07/08/2021ലെ ഡിഎ1/168/2021-ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം മതിയായ അക്രഡിറ്റേഷൻ (പി.എം.സി/നോൺ പി.എം.സി) ഇല്ലാത്ത ഏജൻസികളെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കുന്നത് മുൻകാല സംസ്ഥാന കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനങ്ങളെ അടിസ്ഥാനമാക്കി ഗൗരവമായി കാണുന്നു എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 42/28.4.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1. SILK ന് നോൺ പി.എം.സി ആയി നിലാവ് പദ്ധതി ഉൾപ്പെടെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനും മിനിമാസ്റ്റ് സ്ഥാപിക്കാനുമുള്ള അനുമതി പത്രം.

2.നിലാവ് പദ്ധതികളിലെ ബില്ലുകളിൽ ആദായ നികുതി, ജി.എസ്.ടി മുതലായ കിഴിവുകൾ നടത്തിയതിന്റെ വിവരം

3. ടി പദ്ധതികൾക്ക് ലഭിച്ച KSEB സൂപ്പർ വിഷൻ സാക്ഷ്യപത്രം

4.നിലാവ് പദ്ധതിയിൽ നിലവിലുണ്ടായിരുന്ന പ്രവർത്തനക്ഷമമായ ബൾബുകളും അനുബന്ധ വസ്തുക്കളും മാറ്റിയാണ് എൽ ഇ.ഡി.ബൾബുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്ന ബൾബുകളും അനുബന്ധ ഉപകരണങ്ങളും ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 4641280 രൂപ തടസ്സം ചെയ്യുന്നു.

## 1-39 തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തിക്ക് ദിവസ വേതന കരാർ പ്രകാരം പ്രതിഫലം നൽകി

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ദിവസ വേതന കരാർ തൊഴിലാളികൾക്ക് വേതനം അനുവദിച്ചു കൊണ്ട് താഴെ കൊടുത്ത ചെക്കുകൾ പ്രകാരം 195629 രൂപ നൽകിയതായി വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽ പെട്ടു.

| ചെക്ക് നം./തിയ്യതി | തുക |
|---|---|
| 000479/07.5.20 | 32,000 |
| 010696/05.6.20 | 40,000 |
| 000512/18.8.20 | 32,000 |
| 011933/8.12.20 | 51,200 |
| 00565/11.01.20 | 40,429 |
| ആകെ | 195629 |

15.9.2011ലെ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്ന് ക്വട്ടേഷൻ/ടെണ്ടർ നടപടി സ്വീകരിച്ച് മാത്രമേ തെരുവ് വിളക്ക് പരിപാലനം നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 29.5.2018ലെ 269/ഡി.എ.3/2018 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം 2011ലെ സർക്കുലർ കർശനമായി പാലിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ശ്രീ.എ.സിദ്ദീഖ് എന്നയാൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്. ടിയാൻ അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരനാണ് എന്ന് വ്യക്തമാക്കുന്ന രേഖയോ ക്വട്ടേഷൻ/ടെണ്ടർ വിവരമോ അനുബന്ധമായി വൗച്ചറിൽ ചേർത്തുവെച്ചിട്ടില്ല.

പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതിനും സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് പ്രവൃത്തി നടത്തുന്നതെങ്കിൽ ആയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതിനും ഓഡിറ്റ് എൻക്വയറി (നം.41/28.4.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 195629 രൂപ തടസ്സം ചെയ്യുന്നു.

## 1-40 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

പട്ടികയിലെ ചെലവു തുകകൾ സംബന്ധിച്ച് അവസാന കോളത്തിൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.40 /28.4.2022) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

| ചെക്ക്/ ബിൽ നമ്പർ/തിയ്യതി | തുക | റിമാർക്സ് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 010707/02.7.20 | 2,29,336 (തനത് ഫണ്ട്) | KSIEയുടെ CLTBC-P-11-2020-21 (316325/-) പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയൽസ് വാങ്ങുന്നതിന് എന്ന് | ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്ത വിവരം, ഇൻസ്റ്റലേഷൻ വിവരം മുതലായവയും പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കാത്തതിന്റെ |

| | | | |
|---|---|---|---|
| | | വൗച്ചറിൽ കാണുന്നു. | കാരണവും. |
| 00261713/16.6.20 | 10,00,000 (വികസന ഫണ്ട് ജനറൽ) | പ്രൊ.നം.10/21, വയോമിത്രം വിഹിതം നൽകൽ. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകി. | കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും |
| 00217189/11.4.20 | 3,00,000 (ധ.ക.ഗ്രാന്റ്) | പ്രൊ.നം.392/21, വട്ടപ്പറമ്പ് ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം. |
| 1000494/28.01.21 | 1,00,000 (ധ.ക.ഗ്രാന്റ്) | 334/21, കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം. |
| 5/11.4.20 | 1,45,000 (ധ.ക.ഗ്രാന്റ്) | 391/21,കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ . തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം. |
| 7/11.4.20 | 3,00,000 (ധ.ക.ഗ്രാന്റ്) | | |
| 8/11.4.20 | 1,05,227 (ധ.ക.ഗ്രാന്റ്) | | |
| 000469/17.4.20 | 6,00,000 (തനത്ഫണ്ട്) | | |
| 011518/17.4.20 | 4,00,000 (തനത്ഫണ്ട്) | | |
| 000481/11.5.20 | 6,40,000 (തനത്ഫണ്ട്) | | |
| 010662/28.4.20 | 10,000 (തനത്ഫണ്ട്) | പോത്തുവട്ടിപ്പാറ അംഗനവാടി പൊതുടാപ്പിനു വേണ്ടി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം. |
| 010662/28.4.20 | 20,000 (തനത്ഫണ്ട്) | കാളോത്ത്-കൊടിക്കുന്നത്ത് പൈപ്പ് ലൈൻ നീട്ടൽ-വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം |
| 010666/30.4.20 | 23,000 (തനത്ഫണ്ട്) | ചപ്പിലക്കുന്ന് (വാർഡ്-7) പൈപ്പ് ലൈൻ നീട്ടൽ-വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം |
| ആകെ | 38,72,563 | | |

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 38,72,563 രൂപ തടസ്സം ചെയ്യുന്നു.

## 1-41 കുടിവെള്ള വിതരണം- വിതരണ രേഖകൾ ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി താഴെ പറയും പ്രകാരം തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വാഹന വാടകയായി പേയ്മെന്റ് നടത്തിയതായാണ് വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വൗച്ചറുകളിൽ അനുബന്ധ രേഖകൾ ചേർത്തുവെച്ചിട്ടില്ല. തുക നൽകിയത് വാഹനം ഓടിയ ദൂരം അടിസ്ഥാനത്തിലാണോ വഹിച്ച് കൊണ്ടുപോയ വെള്ളത്തിന്റെ അളവിനനുസരിച്ചാണോ ദിവസവാടക അടിസ്ഥാനത്തിലാണോ എന്ന വിവരമൊന്നും ലഭ്യമാക്കിയിട്ടില്ല. ഏതു ദിവസങ്ങളിലെ വിതരണത്തിനാണ് തുക നൽകിയതെന്നും ആദായ നികുതി ഉൾപ്പെടെയുള്ള കിഴിവുകൾ നടത്തിയതിന്റെയും വിവരവും ലഭ്യമല്ല. കുടിവെള്ളം വിതരണം ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, കുടിവെള്ളം വിതരണം ചെയ്ത വണ്ടികളിൽ ജിപിഎസ് ഘടിപ്പിച്ചതിന്റെ വിവരം എന്നിവയൊന്നും ലഭ്യമാക്കിയില്ല.

<table>
<tr><th>ചെക്ക് നമ്പർ/തിയ്യതി</th><th>തുക</th><th colspan="2">തുക കൈപ്പറ്റിയ വ്യക്തി</th></tr>
<tr><td>000488/20.5.20</td><td>1,00,000</td><td colspan="2">ശ്രീ.അബ്ദുൾ റഷീദ്</td></tr>
<tr><td>000489/20.5.20</td><td>2,00,000</td><td colspan="2">ശ്രീ.അബ്ദുൾ റസാഖ്</td></tr>
<tr><td>010704/22.6.20</td><td>4,00,000</td><td colspan="2">ശ്രീ.അബ്ദുൾ റസാഖ്</td></tr>
<tr><td>010705/22.6.20</td><td>1,00,000</td><td colspan="2">ശ്രീ.അബ്ദുൾ റഷീദ്</td></tr>
<tr><td rowspan="2">0883077/09.11.20</td><td rowspan="2">4,50,394</td><td>3,09,614</td><td>ശ്രീ.അബ്ദുൾ റസാഖ്</td></tr>
<tr><td>1,40,780</td><td>ശ്രീ.അബ്ദുൾ റഷീദ്</td></tr>
<tr><td>ആകെ</td><td>12,50,394</td><td colspan="2"></td></tr>
</table>

02-03-2019 ലെ സ.ഉ.(സാധാ.)നം. 500/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അനുബന്ധ രേഖകളും ബില്ലുകളിൽ നടത്തിയ ആദായ നികുതി കിഴിവ് വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 39 /28.4.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 1250394 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല – 41051 രൂപ നഷ്ടം

നിർവഹണം : ഹെൽത്ത് ഓഫീസർ

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ, പേര് : | 621/21, ബയോബിൻ (ജനറൽ) | 622/21, ബയോബിൻ വാർഡുകളിൽ |
| അടങ്കൽ : | 1800000 | 2970000 |
| തുക : | 704100 (വികസന ഫണ്ട് ജനറൽ) | 293372 (വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ / തിയ്യതി : | 16/30.03.2021 | 15/30.03.2021 |

മേൽ പ്രോജക്ടുകൾ പ്രകാരം ബയോബിൻ വാങ്ങി നൽകുന്നതിനായി 17.02.2021 ൽ ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്ക്, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (ബയോബിൻ ഒന്നിന് 1688/- രൂപ) അംഗീകരിച്ചിട്ടുമുണ്ട്. പ്രസ്തുത തുക നെഗോസിയേറ്റ് ചെയ്യുന്നതിന് 04.03.2021 ന് എച്ച്1-11475/21 നമ്പർ ആയി ആലപ്പി ബയോ ടെക്കിന് കത്ത് നൽകിയെങ്കിലും 05.03.2021 ന് ആലപ്പി ബയോ ടെക്ക് നൽകിയ കത്ത് പ്രകാരം വില കുറക്കുന്നതിന് സാധിക്കില്ല എന്ന് അറിയിച്ചു. 22.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി (നമ്പർ എച്ച്1-2174/21, 11476/20, 11475/2020).

എന്നാൽ 27.03.2021 ന് മേൽ സ്ഥാപനം ബയോബിൻ ലഭ്യമാക്കിയില്ല എന്നും, യാതൊരു മറുപടിയും ലഭ്യമാക്കിയില്ല എന്നും കാണിച്ച് ആലപ്പി ബയോ ടെക്കിന് നൽകിയ സപ്ലൈ ഓർഡർ റദ്ദാക്കിയതായി അറിയിച്ചിട്ടുണ്ട് (നമ്പർ എച്ച്1-2174/21, 11476/20, 11475/2020). തുടർന്ന് ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനമായ ഒമേഗ എക്കോ ടെക്ക് പ്രൊഡക്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് (ബയോബിൻ ഒന്നിന് 1760/- രൂപ) ഇതേ തിയ്യതിയിൽ - 27.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി. ഏറ്റവും കുറവ് തുക ക്വാട്ട്

ചെയ്ത ആലപ്പി ബയോ ടെക്കിൽ നിന്ന് വിശദീകരണം തേടുകയോ, ടെണ്ടർ വൈലേഷന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വെറും 5 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ടെണ്ടറിൽ രണ്ടാമത് എത്തിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ക്രമത്തിലല്ല. ഇക്കാര്യത്തിൽ അനാവശ്യ തിടുക്കം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണുന്നു. ബയോ ബിൻ വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ നഗരസഭ മുൻ വർഷങ്ങളിലും തുടർന്ന് വരുന്നതും, തൻ വർഷവും, അടുത്തവർഷവും സ്പിൽ ഓവറായി നടപ്പാക്കുന്നതുമായ തുടർ പ്രൊജക്ടാണ്. ഒരേ പ്രൊജക്ട് തന്നെ വിവിധ പ്രൊജക്ട് നമ്പറിൽ നടപ്പാക്കുന്ന പ്രവണതയും നഗരസഭയിൽ കാണുന്നു. 2020-21 വർഷത്തിൽ മാത്രം ബയോബിൻ വിതരണത്തിനായി 5 പ്രൊജക്ടാണ് നടപ്പാക്കിയത് (387/ബയോബിൻ എസ്.സി.പി, 414/ബയോബിൻ, 419/ബയോബിൻ വാർഡ് 5, 621/ബയോബിൻ ജനറൽ, 622/ബയോബിൻ വാർഡുകളിൽ) ആയതിനാൽ തന്നെ തിടുക്കപ്പെട്ട് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി അടുത്ത സ്ഥാപനത്തെ തെരഞ്ഞെടുത്തതിനാൽ നഗരസഭക്ക് വ്യക്തമായ നഷ്ടം സംഭവിച്ചു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/18.04.2022) നൽകിയ മറുപടിയിൽ മാർച്ച് 31 നകം പ്രൊജക്ട് പൂർത്തീകരിക്കുന്നതിന് 27.03.2021 ന് മുമ്പ് ബയോബിൻ ലഭ്യമാക്കുന്നതിന് ആലപ്പി ബയോ ടെക്കിന് സപ്ലൈ ഓർഡർ നൽകിയെങ്കിലും സ്ഥാപനത്തിൽ നിന്ന് യാതൊരു വിധ പ്രതികരണങ്ങളും ഉണ്ടായില്ല എന്നും പരാമർശിച്ചിട്ടുണ്ട്. ഫോണിൽ ബന്ധപ്പെടാൻ സാധിച്ചില്ല എന്നും, മറ്റ നഗരസഭകളിൽ ഈ സ്ഥാപനം ബയോബിൻ വിതരണം നടത്തിയില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും മറുപടിയിൽ പറയുന്നു.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നഗരസഭയുടെ 22.03.2021 ലെ സപ്ലൈ ഓർഡർ കത്തിന് മറുപടിയായി 29.03.2021 ന് ആലപ്പി ബയോ ടെക്ക് രേഖാമൂലം കത്ത് നൽകിയതായി കണ്ടു. പ്രസ്തുത മറുപടിയിൽ ടെണ്ടർ ഓപ്പൺ ചെയ്യുന്നതിന് മുമ്പ് തന്നെ നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ പുതിയ വർക്കുകൾക്ക് എഗ്രിമെന്റ് വെക്കാൻ സാധിക്കാത്തതും, ടി വർക്കിന് എഗ്രിമെന്റ് വെക്കാൻ നഗരസഭ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുമില്ല എന്നും പരാമർശിച്ചിട്ടുണ്ട്. 22.03.2021 ന് സപ്ലൈ ഓർഡർ നൽകി വെറും 5 ദിവസം കൊണ്ട് 2805 ബയോബിൻ വിതരണം ചെയ്ത് 27.03.2021 ന മുമ്പായി ബിൽ നൽകാൻ നഗരസഭ ആവശ്യപ്പെട്ടതായും പറയുന്നു. എന്നാൽ 2805 ബയോ ബിൻ നിർമ്മിച്ച് Gole ഇടുന്ന ഒരുപാട് ലേബർ വർക്കുകൾ ചെയ്യാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രയാസമുണ്ടെന്ന് ആലപ്പി ബയോ ടെക്ക് കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2 പേർക്ക് കോവിഡ് ബാധിച്ച് ഹോസ്പിറ്റലിൽ ആയതിനാൽ ഈ ചുരുങ്ങിയ സമയം കൊണ്ട് ഫോണിൽ ബന്ധപ്പെടാനും മറുപടി അയക്കുവാനും സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രുവുമല്ല ഇക്കാര്യങ്ങൾ 27.03.2021 ന് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടറുമായി വിശദമായി സംസാരിച്ചിരുന്നു എന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം മാറുന്ന മുറക്ക് പ്രവൃത്തി കരാർ വെച്ച് പൂർത്തീകരിക്കുന്നതിന് അനുവദിക്കണം എന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ രേഖയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി സ്വീകാര്യമായതല്ല.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിന്റെ വാദഗതികൾ അംഗീകരിക്കാതെയും, ആവശ്യമായ സമയം അനുവദിക്കാതെയും സ്ഥാപനം മറുപടി ലഭ്യമാക്കുന്നതിന് മുന്നെ തന്നെ കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ കരാർ ഏൽപിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള മന:പൂർവമുള്ള വീഴ്ചയായി വിലയിരുത്തുന്നു.

മേൽ രണ്ട് പ്രൊജക്ടുകളിലുമായി കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിയതിന് തൻവർഷം 997472 രൂപ ചെലവഴിച്ചിട്ടുണ്ട് (704100 + 293372) Ie. 1. പ്രൊജക്ട് നമ്പർ 621/21 പ്രകാരം 400 ബയോബിനുകളുടെ വില 704100 രൂപയും (ഇൻവോയ്സ് നമ്പർ 1457/28.03.2021), 2. പ്രൊജക്ട് നമ്പർ 622/21 പ്രകാരം 450 ബയോബിനുകളുടെ വിലയിൽ (ഇൻവോയ്സ് നമ്പർ 1458/28.03.2021 - 792000) 293372 രൂപയും തൻവർഷം സ്ഥാപനത്തിന് നൽകി. (അവശേഷിക്കുന്ന പെയ്മെന്റുകൾ തുടർ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്)

കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചു.

| പ്രൊജക്ട് നമ്പർ | ഒമേഗ എക്കോ ടെക്ക് (കൂടിയ നിരക്കിൽ വാങ്ങിയതിനാൽ വന്ന ചെലവ്) | | | ആലപ്പി ബയോ ടെക്ക് (കുറഞ്ഞ നിരക്കിൽ വാങ്ങിക്കുകയായിരുന്നെങ്കിൽ ഉണ്ടാവുമായിരുന്ന ചെലവ്) | | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | അനുവദിച്ച തുക | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | |
| 621/21 | 1760 | 400 | 704100 | 1688 | 400 | 675200 | 28900 |
| 622/21 | 1760 | 166.6 | 293372 | 1688 | 166.6 | 281221 | 12151 |
| ആകെ | | 566.6 | 997472 | | 566.6 | 956421 | 41051 |

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ സംഭവിച്ച നഷ്ടത്തുക 41051/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 ഷീ പാഡ് പദ്ധതി - സർക്കാർ നിർദേശം പാലിക്കാത്തതിനാൽ അധിക ചെലവ്

നിർവഹണം : ഹെൽത്ത് ഓഫീസർ

പ്രൊജക്ട് നമ്പർ, പേര് : 415/21, ഷീപാഡ്

അടങ്കൽ : 450000

തുക : 304202 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ / തിയ്യതി : 11/28.01.2021

സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ (ഷീപാഡ്) നൽകൽ, നാപ്കിൻ സംസ്കരണത്തിന് ഇൻസിനറേറ്റർ സ്ഥാപിക്കൽ, സാനിട്ടറി നാപ്കിൻ (ഷീപാഡ്) സൂക്ഷിക്കുന്നതിന് അലമാര വാങ്ങൽ എന്നിവയാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എച്ച് 1/6369/19 നമ്പറായി 06.03.2020 ന് ടെണ്ടർ പത്ര പരസ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ കുറവ് രേഖപ്പെടുത്തിയ മാരിയ ഹൈജീൻ സൊല്യൂഷൻ, കാലിക്കറ്റ് എയർപോർട്ട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് (ഷീപാഡ് ഒന്നിന് 5 രൂപ, ഇൻസിനറേറ്റർ ഒന്നിന് 32000 രൂപ, അലമാര ഒന്നിന് 19400 രൂപ) നഗരസഭയിലെ 3 സ്കൂളുകളിൽ ഇൻസിനറേറ്റർ (3), ഷീപാഡ് (30000), അലമാര (3) എന്നിവ വിതരണം ചെയ്യുന്നതിന് 18.03.2020 ന് എച്ച് 1/6369/19 നമ്പറായി സപ്ലൈ ഓർഡർ നൽകി.

മാരിയ ഹൈജീൻ സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ 10.06.2020 ലെ 2 നമ്പർ ഇൻവോയ്സ് പ്രകാരം ഇൻസിനറേറ്റർ - 3 എണ്ണം 96001 രൂപ (32000 X 3), ഷീപാഡ് - 30000 എണ്ണം 150000 രൂപ (5 X 30000) അലമാര 3 എണ്ണം 58201 രൂപ (19400 X 3) എന്നിവക്കായി ആകെ 3,04,202 രൂപ സ്ഥാപനത്തിന് നൽകി. നഗരസഭയിലെ 3 ഹയർസെകണ്ടറി സ്കൂളുകളിൽ ഷീപാഡ് 10000 എണ്ണം വീതവും, അലമാര, ഇൻസിനറേറ്റർ എന്നിവ ഓരോന്ന് വീതവും വിതരണം ചെയ്തു. (PPM ഹയർസെകണ്ടറി സ്കൂൾ കൊട്ടുക്കര, EMEA ഹയർസെകണ്ടറി സ്കൂൾ കൊണ്ടോട്ടി, GVHSS മേലങ്ങാടി). പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 22.05.2019 ലെ KSWDC/P5/SHE PAD/2019-20/1539 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ സർക്കാർ / എയിഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ, ഉപയോഗിച്ച നാപ്കിനുകൾ പ്രകൃതിക്ക് ദോഷകരമല്ലാത്ത രീതിയിൽ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ, സാനിട്ടറി നാപ്കിനുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ വിതരണം ചെയ്യുന്ന ഷീപാഡ് എന്ന സർക്കാർ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം വനിതാ വികസന കോർപ്പറേഷനെയാണ് ഏൽപിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 25.01.2016 ലെ സ.ഉ (സാധാ) നം. 280/16/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഷീപാഡ് അനുബന്ധ ഉപകരണങ്ങൾ വനിതാ വികസന കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി വനിതാ വികസന കോർപ്പറേഷനെ ഏൽപ്പിക്കാതെ ടെണ്ടർ ക്ഷണിച്ച് നേരിട്ട് നിർവഹണം നടത്തിയത് ക്രമ പ്രകാരമല്ല. ടെണ്ടർ ക്ഷണിക്കുന്നതിന്റെ 10 മാസം മുന്നേ തന്നെ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വനിതാ വികസന കോർപ്പറേഷൻ നഗരസഭക്ക് കത്ത് നൽകിയിരുന്നെങ്കിലും ആയത് പരിഗണിക്കാതെ പദ്ധതി നിർവഹണം നടത്തിയതിന്റെ ഉദ്ദേശം വ്യക്തമല്ല.

വനിതാ വികസന കോർപ്പറേഷൻ നൽകിയ കത്ത് പ്രകാരം ഷീപാഡ് ഒന്നിന് 2.39 രൂപ (7 പാഡിന് 16.71 രൂപ), ഇൻസിനറേറ്റർ ഒന്നിന് 25168 രൂപ, അലമാര ഒന്നിന് 17380 രൂപ എന്നിങ്ങനെയാണ് PMC ഉൾപ്പെടെയുള്ള വില കാണിച്ചിരിക്കുന്നത്. ഓപ്പൺ ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിച്ചപ്പോൾ വനിതാ വികസന കോർപ്പറേഷൻ നൽകിയ വില നിലവാരത്തേക്കാൾ അധികരിച്ച നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചു.

| ഇനം | ഹൈജീൻ സൊല്യൂഷൻ | | | വനിതാ വികസന കോർപ്പറേഷൻ | | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | |
| ഷീപാഡ് | 5 | 30000 | 150000 | 2.39 | 30000 | 71700 | 78300 |
| ഇൻസിനറേറ്റർ | 3 | 32000 | 96001 | 25168 | 3 | 75504 | 20497 |
| അലമാര | 3 | 19400 | 58201 | 17380 | 3 | 52140 | 6061 |
| ആകെ | | | 304202 | | | 199344 | 104858 |

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ തിയ്യതി : 29.01.2018 ഖണ്ഡിക 6.3 (7) പ്രകാരം യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം 'നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ' സ്ഥാപിക്കുന്ന പ്രൊജക്ടുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖ അവലംബിച്ച് വേണം യൂണിറ്റുകൾ സ്ഥാപിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ നിർദേശം പാലിക്കാതെ, കോർപ്പറേഷന്റെ വിലയേക്കാൾ അധികരിച്ച നിരക്കിൽ സാധനങ്ങൾ

വാങ്ങി പ്രൊജക്ട് നടപ്പാക്കിയതിനാൽ 104858 രൂപ (304202 - 199344) നഗരസഭക്ക് വ്യക്തമായ നഷ്ടം സംഭവിച്ചു.

പദ്ധതി നടപ്പാക്കിയ GVHSS മേലങ്ങാടി സ്കൂളിൽ പുരോഗതി വിവരം ആരാഞ്ഞുകൊണ്ട് നടത്തിയ ഫോൺ സന്ദേശത്തിൽ നിന്ന് നിലവിൽ ഇൻസിനറേറ്റർ പ്രവർത്തന സജ്ജമായിട്ടില്ല എന്ന് വ്യകതമായി. കറണ്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കേണ്ട ഇൻസിനറേറ്റർ കറണ്ട് ലഭ്യമല്ലാത്ത കെട്ടിടത്തിൽ സ്ഥാപിച്ചതിനാൽ നാളിതുവരെ ഉപകരണം പ്രവർത്തിപ്പിക്കാനായില്ല. ഉപകരണം നൽകുന്നതിന് മുമ്പ് ആയതിന് വേണ്ട ഭൗതിക സൗകര്യം ഉറപ്പ് വരുത്തിയില്ല. ഉപകരണത്തിന്റെ തുടർ മെയിന്റനൻസ്, വാറണ്ടി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/27.04.2022) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി കൗൺസിൽ അംഗീകരിച്ചതും, ഡി.പി.സി അംഗീകാരം ലഭിച്ചതും ടെണ്ടർ ക്ഷണിച്ച് നിർവഹണം നടത്താനാണ് എന്നും പരാമർശിച്ചിട്ടുണ്ട്. കൗൺസിൽ അംഗീകാരത്തോടെയാണ് ടെണ്ടർ നടപടി സ്വീകരിച്ചതും എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായും, വനിതാ വികസന കോർപ്പറേഷൻ നൽകിയ റേറ്റ് ചാർട്ടിലെ നിരക്കിന് വിരുദ്ധമായും, കോർപ്പറേഷന്റെ മാർഗ്ഗരേഖ പാലിക്കാതെയും പദ്ധതി നടപ്പാക്കിയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല.

സർക്കാർ നിർദേശമുണ്ടായിട്ടും വനിതാ വികസന കോർപ്പറേഷനെ പദ്ധതി ഏൽപ്പിക്കാതെ കോർപ്പറേഷന്റെ നിരക്കിനെക്കാൾ കൂടുതലായി ചെലവ് നടത്തിയതിനാൽ നഗരസഭക്ക് ഉണ്ടായ നഷ്ടം 104858/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതും മറ്റ് അപാകതകളും

പ്രൊജക്ട് : എലിയക്കോട് പാലക്കോട് മില്ലുപടി റോഡ് നിർമ്മാണം, 424/21 (521/17)

അടങ്കൽ : 250000 എം.ജി (റോഡ്)

ചെലവ് : 185265, BRN1047002100316820/12.7.2018

29089 ബിൽ നമ്പർ.35/21.4.2020

ടി.എസ്. നം : 924/2017-2018, എസ്റ്റിമേറ്റ് നം.2016/5301, DSoR 2016, COI 40.2%

കരാർ നമ്പർ : 107/AE/LSGD/KDY/16-17 Date 15.5.2017

എംബുക്ക് നം: 232/17-18

കൺവീനർ : മുജീബ് റഹ്മാൻ.പി.പി

ഗുണഭോക്തൃ കമ്മിറ്റി മുഖേനെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പ്രൊജക്ടിന്റെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്തിട്ടില്ല.

ഈ പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഡാറ്റയിൽ 5% വാറ്റ്, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ അടവാക്കുന്നതിനും മറ്റ് ചിലവുകൾ അഭിമുഖീകരിക്കുന്നതിനുമായി 7.5 % ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി)87/2017/ത.സ്വ,ഭ,വ തീയ്യതി.01.11.2017 പ്രകാരം 1.7.2017 നോ അതിന് ശേഷമോ പൂർത്തിയാകുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ആണ് ഈടാക്കേണ്ടത് എന്നതിനാൽ ഈ പ്രവൃത്തിക്ക് വാറ്റ് അടവാക്കേണ്ടതില്ല. ആയതിനാൽ വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ 5% തുക 9970 രൂപ ( (214354 X 100/107.5) X 5/100 ) ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നു ആയത് കുറവ് ചെയ്തിട്ടില്ല.

2. രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃ സമിതി രൂപീകരണ യോഗ മിനുട്സ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. തുടർന്നുള്ള യോഗങ്ങളുടെ മിനുട്സുകൾ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 11/25.11.2022 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ, അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമ നമ്പർ 1 പ്രകാരം ചൂണ്ടിക്കാണിച്ച അധിക ചെലവ് 9970 രൂപ പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. ക്രമ നമ്പർ 2 പ്രകാരം ലഭ്യമാക്കാൻ അവശേഷിക്കുന്ന രേഖകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകിയത് - 43076 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD/MORTH SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അതു പ്രകാരം 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിച്ച പ്രവൃത്തികൾക്ക് DSR പ്രകാരമാണ്

എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. MORD SOR പ്രകാരം കരിങ്കൽ കെട്ട് (DR Masonry) പ്രവൃത്തികൾക്ക് മലപ്പുറം ജില്ലക്ക് ബാധകമായ 31.06% കോസ്റ്റ് ഇൻഡക്സിൽ അനുവദിക്കാവുന്ന തുക 2620.47 ആണ്. എന്നാൽ DSR പ്രകാരം ഇതേ പ്രവൃത്തിക്ക് 31.06% കോസ്റ്റ് ഇൻഡ്ക്സിൽ 2515.43 മാത്രമെ അനുവദിക്കാനാവൂ. DSR പ്രകാരം തയ്യാറാക്കേണ്ട എസ്റ്റിമേറ്റ് തെറ്റായി MORD SOR പ്രകാരം തയ്യാറാക്കിയത് മൂലം DR Masonry പ്രവൃത്തിക്ക് അധികം പണം നൽകാൻ ഇടയായിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിവരം താഴെ പറയുന്നു.

1.

പ്രൊജക്ട് : എസ്.സി കോളനി കയ്യാല കെട്ടി അഭിവൃദ്ധിപ്പെടുത്തൽ (403/21 )

അടങ്കൽ : 494986 പ്ലാൻ (എസ്.സി.പി)

ചെലവ് : 286060 ബിൽ നമ്പർ.30/18.4.2020

171301 ബിൽ നമ്പർ.49/20.8.2020

457361

ടി.എസ്. നം : 95152/2019-2020, എസ്റ്റിമേറ്റ് നം.2019/123395 DsoR 2016, COI 31.06%

കരാർ നമ്പർ : 142/AE/LSGD/KDY/19-20 Date 10.2.2020 (22.06% കുറവ്)ഉ

എംബുക്ക് നം: 141/19-20

കരാറുകാരൻ : മുഹമ്മദ് ഷക്കീൽ.വി

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ (22.06% കുറവ്) | നൽകാവുന്നത് @2515.43/m3 (22.06% കുറവ്) | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 163.165 | 163.165x2042.50= 333264.51 | 163.165 (2515.43x77.94%)1= 319889.24 | 13375.26x112%= 14980 |

2.

പ്രൊജക്ട് : ചെത്തയിൽ എസ്.സി കോളനി കയ്യാല കെട്ടൽ (437/21 )

അടങ്കൽ : 300000 പ്ലാൻ (എസ്.സി.പി)

ചെലവ് : 226323 ബിൽ നമ്പർ. 36/21.4.2020

ടി.എസ്. നം : 95154/2019-2020, എസ്റ്റിമേറ്റ് നം.2019/121755 DsoR 2016, COI 31.06%

കരാർ നമ്പർ : 164/AE/LSGD/KDY/19-20 Date 6.3.2020 (ER)

എംബുക്ക് നം: 157/19-20

കരാറുകാരൻ : വിജയകുമാർ.കെ

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ | നൽകാവുന്നത് @2515.43/m3 | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 61.26 | 61.26x2620.47 = 160529.99 | 61.26x2515.43 = 154095.24 | 6435x112%= 7207 |

3.

പ്രൊജക്ട് : ഭവന സുരക്ഷം വാർഡ് 16 (390/21 ) (267/20)

അടങ്കൽ : 400000 പ്ലാൻ (എസ്.സി.പി)

ചെലവ് : 378332 ബിൽ നമ്പർ. 8/24.4.2020

ടി.എസ്. നം : 85122/2019-2020, എസ്റ്റിമേറ്റ് നം.2019/106262 DsoR 2016, COI 31.06%

കരാർ നമ്പർ:103/AE/LSGD/KDY/19-20 Date 27.12.2019 (ER)

എംബുക്ക് നം: 99/19-20

കരാറുകാരൻ : അഹമ്മദ്.കെ.കെ

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ | നൽകാവുന്നത് @2515.43/m3 | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 122.56 | 122.56x2620.47 = 321164.80 | 122.56x2515.43 = 308291.10 | 12874x112%= 14419 |

4.

പ്രൊജക്ട് : നയാ ബസാർ ചെത്തയിൽ എസ്.സി കോളനി ഭവന സുരക്ഷ (438/21 )

അടങ്കൽ : 200000 പ്ലാൻ (എസ്.സി.പി)

ചെലവ് : 192789 ബിൽ നമ്പർ. 37/29.5.2020

ടി.എസ്. നം : 101605/2019-2020, എസ്റ്റിമേറ്റ് നം.2020/3886 DsoR 2016, COI 31.06%

കരാർ നമ്പർ : 178/AE/LSGD/KDY/19-20 Date 19.3.2020 (ER)

എംബ്യക്ക് നം: 160/19-20

കരാറുകാരൻ : വിജയകുമാർ.കെ

| DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$m^3$ | നൽകാവുന്നത് @2515.43/m3 | 12% GST ഉൾപ്പെടെ അധികം നൽകിയത് |
|---|---|---|---|
| 55 | 55x2620.47 = 144125.85 | 55x2515.43 = 138348.65 | 5777x112%= 6470 |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം.12/25.4.2022 മുഖേനെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ, ആപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമാണ് മേൽപ്പറഞ്ഞ പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ അധികച്ചെലവ് 43076.00രൂപ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-5 ടെണ്ടർ കുറവ് കുറയ്ക്കാതെ ബിൽ അനുവദിച്ചു - 3373രൂപ നഷ്ടം

പ്രൊജക്ട് : കോട്ടപ്പറമ്പ അങ്കണവാടി കക്കൂസ് നവീകരണം (447/21 )

അടങ്കൽ : 75000 തനത് ഫണ്ട്

ചെലവ് : 67466 ചെക്ക് നമ്പർ. 0952317/18.1.2021

ടി.എസ്. നം : 102605/2018-2019, എസ്റ്റിമേറ്റ് നം.2018/101924 DsoR 2016, COI 37.25%

കരാർ നമ്പർ : 1/AE/LSGD/KDY/19-20 Date 11.6.2019 (ER)

എംബ്യക്ക് നം : 137/19-20, 138/19-20

കരാറുകാരൻ : ഫസലുൽ ഹഖ്.കെ

ഈ പ്രൊജക്ട് ടെണ്ടർ ചെയ്തതിൽ, 5% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ ശ്രീ.ഫസലുൽ ഹഖ്.കെ എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ പ്രസ്തുത ടെണ്ടർ കുറവ് കുറവ് വരുത്താതെയാണ് കരാറുകാരന് ബിൽ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരന താഴെ പറയും പ്രകാരം 3,373 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്.

| | അനുവദിച്ച തുക | അനുവദിക്കാവുന്നത്. | അധികം നൽകിയത് |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 67466 | 67466 | |
| (-)5% | --- | 3373 | |
| ബാക്കി | 67466 | 64093 | |
| | | | 3,373 |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം.16/25.4.2022 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കുകയോ, അപാകത പരിഹരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ അധിക ചെലവ് 3373 (67,466-64,093) രൂപ പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 20-04-2022 മുതൽ 22-04-2022 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 392/21 വട്ടപ്പറമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 00217189/11-4-20 | 3,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 3,00,000 |
| KWA | 334/21 കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 1000494/28-01-21 | 1,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 1,00,000 |
| KWA | 391/21,കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 5/11-4-20 | 1,45,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 21,90,227 |
| | | 7/ 11-4-20 | 3,00,000 | | | |
| | | 8/ 11-4-20 | 1,05,227 | | | |
| | | 000469/17-4-20 | 6,00,000 | | | |
| | | 011518/17-4-20 | 4,00,000 | | | |
| | | 000481/11-5-20 | 6,40,000 | | | |
| KWA | പോത്തുവെട്ടിപ്പാറ അങ്കണവാടി പൊതുടാപ്പ് | 010662/28-4-20 | 10,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 10,000 |
| KWA | കാളോത്ത് കൊടിക്കുന്നത്ത് പൈപ്പ് ലൈൻ നീട്ടൽ | 010662/28-4-20 | 20,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 20,000 |
| KWA | ചപ്പിലക്കുന്ന് | 010666/30-4-20 | 23,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 23,000 |

| | | | | | | |
|---|---|---|---|---|---|---|
| | (വാർഡ് 7)പൈപ്പ് ലൈൻ നീട്ടൽ | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആയിരം വീട് പദ്ധതി | ലഭ്യമല്ല | - | 4080000 | 1020000 | 263075 | 3060000 |
| ഹഡ്കോ | Ms68/2018 Dated 18-5-18 | 5കോടി | 92880000 | 7354283 | 0 | 135525717 |

കുറിപ്പ്:- ലോൺ രജിസ്റ്റർ പ്രകാരമുള്ള തുക എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. 1-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2020-21 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 490711 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 490711 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 490711 |

കുറിപ്പ്:
രജിസ്റ്റർ പ്രകാരമുള്ള തുകകളാണ് ചേർത്തിട്ടുള്ളത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | 2020-21 |
|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്<br>(അക്കൗണ്ട് നമ്പർ . 0020140012050എഫ്. ഡി Rt. നമ്പർ.R7291 DATED 19-8-20) | 490711 |

കുറിപ്പ്:- ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. അത് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. 1-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തിയതി |
|---|---|---|---|---|
| ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | 98280 | നൗഫൽ പിടി | 120020106069.11-11-20 |
| ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | 41889 | അഹമ്മദ് കബീർ | 120020106385.18-11-20 |
| ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | 4828 | മുഹമ്മദ് അനസ് | 120020106479 Dtd 19.11.20 |
| ആകെ | | 144997 | | |

കുറിപ്പ് :- ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കൊണ്ടോട്ടി നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ മുൻ റിപ്പേർട്ടുകളിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

A.കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99<br>1999-00 | 48,49,53(എ) | 2002-03 | -- | കെട്ടിട വാടക കുറവായി ഈടാക്കി 14590 രൂപ<br>നഗരശുചീകരണം അധിക തുക നൽകിയത് 31168 | നടപടി തുടർന്നു വരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | രൂപ | |
| | | | | കറണ്ട് ചാർജ്ജ് പലിശ നൽകിയത് 8663 രൂപ | |
| | | | | നീറാട് കുളം റിപ്പയർ ചെലവ് നഷ്ടം 40284 രൂപ | |
| | | | | കേരളോത്സവം അധിക ചെലവ് 5151 രൂപ | |
| | | | | പദ്ധതി നിർവ്വഹണ ചെലവ്- തനത് ഫണ്ടിൽ നിന്ന് ക്രമരഹിതം 34693+30013 രൂപ | |
| | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ടുകൾ 43660 രൂപ | |
| | | | | കാലി ബാരൽ വില ഈടാക്കിയില്ല 9350 രൂപ | |
| | | | | ടാർ വാങ്ങിയത് സ്റ്റോക്ക് വിശദാംശങ്ങൾ ഇല്ല | |
| | | | | രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രൊജക്ടുകൾ | |
| | | | | സമഗ്ര ഭവന നിർമ്മാണം ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ | |
| | | | | ടാർ വാങ്ങിയത് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല | |
| | | | | ചോലക്കൽ ചേപ്പിലക്കുന്ന് റോഡ് പണി 59807 രൂപ | |
| | | | | അനർഹർക്ക് ആനുകൂല്യം നൽകിയത് 38500 രൂപ | |
| 1999-00 | 53, 59 | 2003-04 | - | റോഡ് വർക്ക് 59807 രൂപ<br>കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് 38500 രൂപ | നടപടി തുടർന്നു വരുന്നു |
| 1998-99 | 36,49 | 2003-04 | | കംഫർട്ട് സ്റ്റേഷൻ പലിശ 31325 രൂപ | നടപടി തുടർന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ട് 43660 രൂപ | വരുന്നു |
| 2005-06 | 3-3 | 2010-11 | -- | ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി | |
| 2009-10, 2010-11 | 3-16 | 2012-13 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് (ഖരമാലിന്യ പരിചരണം) | |
| 2014-15 | 2-4 | 2016-17 | | | |

B നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02<br>2000-01 | 6<br>7 | 2004-05 | | മുസ്ലിയാരങ്ങാടി ശുദ്ധജല വിതരണ പദ്ധതി തനത് ഫണ്ടിൽ നിന്ന് ചെലവ് 24000+7719 | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | “ |
| 2014-15 | 2-3, 2-1 | 2016-17 | | 2-3 വസ്തു നികുതി അപാകത (2014-15) 2-1 തൊഴിൽ നികുതി അപാകത (2014-15) | “ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1997-98 | 29,30,31,33 | പി.കെ കാർത്തികേയൻ | LF11520/spl.cell /sc5/04/6.9.05 | 50,498 | 50,000/- രൂപ അടവാക്കാൻ അവശേഷിക്കുന്നു |
| 2 | 2003-04 | 3-4, 3-5 | കെ.ചോയിക്കുട്ടി | LF682/spl.cell /sc5/10/14.12.10 | 15,797 | 4,086/- രൂപയുടെ അടവ് വിവരം ലഭ്യമല്ല |
| 3 | 2017-18 | 3-8 | ശ്രീ. ഫിറോസ് ഖാൻ, സെക്രട്ടറി | KSA 4355/സ്പെ. സെൽ. സി.എസ്.സി/ | 13200 | അടവാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | | | എ2/19(1) തീയതി, 16-12-21 | | |
| 4 | 2017-18 | 3-1 | | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 11893 | അടവാക്കിയിട്ടില്ല |
| | | 3-4 | | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 12227 | അടവാക്കിയിട്ടില്ല |
| | | 3-6 | | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 18348 | അടവാക്കിയിട്ടില്ല |
| | | 3-9 | | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 41647 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 307175281.82 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 257809129 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 202328 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1045776 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 41051 | മുഹമ്മദ് അഷ്റഫ് (ഹെൽത്ത് ഓഫീസർ) |
| 3-2 | | 104858 | മുഹമ്മദ് അഷ്റഫ് (ഹെൽത്ത് ഓഫീസർ) |
| 3-3 | | 9970 | ബാബു.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-4 (1) | | 7490<br>7490 | ബാബു.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ<br>സന്തോഷ് കുമാർ. എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 (2) | | 3604<br>3603 | ബാബു.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ<br>സന്തോഷ് കുമാർ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 (3) | | 7210<br>7209 | ബാബു.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ<br>സന്തോഷ് കുമാർ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 (4) | | 3235<br>3235 | ബാബു.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ<br>സന്തോഷ് കുമാർ. എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 3373 | ബാബു.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 150000 | ശ്രീ. അബ്ദു റഹിമാൻ കെ കെ ,പ്രിൻസിപ്പാൾ |
| 1-30 | 347903 | ശ്രീ. പി.ടി ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 4641280 | സെക്രട്ടറി |
| 1-39 | 195629 | 72,000 ശ്രീ. പി.ടി ബാബു , സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 32000,ശ്രീമതി.സുമയ്യ ബീവി എസ് , സെക്രട്ടറി |
| | | 91629,ശ്രീമതി.അനുപമ ടി ,സെക്രട്ടറി |
| 1-40 | 3872563 | ശ്രീ. പി.ടി ബാബു, സെക്രട്ടറി ഇൻ ചാർജ്ജ്(3772563) |
| | | ശ്രീമതി.അനുപമ ടി , സെക്രട്ടറി (1,00,000) |
| 1-41 | 1250394 | 8.00.000 ശ്രീ. പി.ടി ബാബു , സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 450394, ശ്രീമതി.അനുപമ ടി ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക) മേൽ വിലാസം | സ്ഥിര മേൽ വിലാസം |
|---|---|---|
| മുഹമ്മദ് അഷ്റഫ് (ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ , കൊണ്ടോട്ടി നഗരസഭ | തറമ്മേൽ പുത്തൻപീടിയേക്കൽ , കരിപ്പോൾ Po,വളാഞ്ചേരി 676552 (Pin) |
| ബാബു. പി.ടി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | പരുത്തിക്കാട്ടിൽ (ഹൗസ്) തലയോലപറമ്പ്.പി.ഒ. കോട്ടയം- 686605 |

| | | |
|---|---|---|
| സന്തോഷ് കുമാർ. ടി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ.എസ്. ജി.ഡി. സബ് ഡിവിഷൻ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് | 26/748 B ആലയം<br>കോട്ടൂളി, കോഴിക്കോട്- 673016 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

1) നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3250/14 തി:16.12.2014 | 8 | |
| 1998- 99 | എൽ.എഫ്.എം.7/3251/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3252/14 തി:16.12.2014 | 7 | |
| 2000-01 | എൽ.എഫ്.എം.7/3253/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |
| 2009-10,2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/685/15 തി:24.08.15 | 11 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.24/2062/16 തി:21.06.2017 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 7 | |

2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 | 5 | |

| | | | |
|---|---|---|---|
| | തി:14.10.2010 | | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |
| 1998- 99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 | |
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2081/10 തി:20.04.2011 | 15 | |
| 2009-10,2010-11 | എൽ.എഫ്.എം.6/380/13 തി:03.07.13 | 18 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/1949/15 തി:16.02.16 | 17 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 9 | |

3)കൊണ്ടോട്ടി നഗരസഭ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:18.04.2018 | 16 | |
| 2016-17 | കെ.എസ്.എ.എം.പി.എം.25/2360/17 തി:26.04.2018 | 22 | |
| 2017-18 | കെ.എസ്.എ.എം.പി.എം.25/2804/18 തി:18.01.2019 | 37 | |
| 2018-19 | കെ.എസ്.എ.എം.പി.എം.25/1499/20 തി:21.12.2020 | 20 | |
| 2019-20 | കെ.എസ്.എ.എം.പി.എം.25/1797/21 തി:12.01.2021 | 44 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്